പുസ്തകം 3 ലക്കം 3.
ജൂലായ് - സെപ്തംബർ 2014

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. നീലലോഹിതസ്തുതി
2

2. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 11
5

3. നന്ദികേശ്വര കാശികാ
വ്യാഖ്യാനം - 7
8

4. സംസ്കൃതപഠനം - 19
11

5. ദശമഹാവിദ്യ, കാളീസങ്കല്പം,
മഹാപീഠരഹസ്യം
16

7. ഔഷധസസ്യങ്ങൾ - 6
കുരുമുളക്
26

8. സംഗീതശാസ്ത്ര മഹത്ത്വം
(കഴിഞ്ഞ ലക്കം തുടർച്ച)
27

8. ദത്താത്രേയ ഗീത
30

മുഖചിത്രം

ദേവതാ : സ്കന്ദമാതാ

# നീലലോഹിതസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

നമോ/സ്തു ശിതികണ്ഠായ കനിഷ്ഠായ സുവർചസേ
ലേലിഹാനായ കാവ്യായ വത്സരായാന്ധസഃ പതേ 127

കപർദിനേ കരാലായ ഹര്യക്ഷ്ണേ വരദായ ച
സംസ്തുതായ സുതീർഥായ ദേവദേവായ രംഹസേ 128

ഉഷ്ണീഷിണേ സുവക്ത്രായ ബഹുരൂപായ വേധസേ
വസുരേതായ രുദ്രായ തപസേ ചിത്രവാസസേ 129

ഹ്രസ്വായ മുക്തകേശായ സേനാന്യേ രോഹിതായ ച
കവയേ രാജവൃക്ഷായ തക്ഷകക്രീഡനായ ച 130

സഹസ്രശിരസേ ചൈവ സഹസ്രാക്ഷായ മീഢുഷേ
വരായ ഭവ്യരൂപായ ശ്വേതായ പുരുഷായ ച 131

ഗിരിശായ നമോ/ർകായ ബലിനേ ആജ്യപായ ച
സുതൃപ്തായ സുവസ്ത്രായ ധന്വിനേ ഭാർഗവായ ച 132

നിഷങ്ഗിണേ ച താരായ സ്വക്ഷായ ക്ഷപണായ ച
താമ്രായ ചൈവ ഭീമായ ഉഗ്രായ ച ശിവായ ച 133

മഹാദേവായ ശർവായ വിശ്വരൂപശിവായ ച
ഹിരണ്യായ വരിഷ്ഠായ ജ്യേഷ്ഠായ മധ്യമായ ച 134

വാസ്തോഷ്പതേ പിനാകായ മുക്തയേ കേവലായ ച
മൃഗവ്യാധായ ദക്ഷായ സ്ഥാണവേ ഭീഷണായ ച 135

ബഹുനേത്രായ ധുര്യായ ത്രിനേത്രായേശ്വരായ ച
കപാലിനേ ച വീരായ മൃത്യവേ ത്ര്യംബകായ ച 136

ബഭ്രവേ ച പിശങ്ഗായ പിങ്ഗലായാരുണായ ച
പിനാകിനേ ചേഷുമതേ ചിത്രായ രോഹിതായ ച 137

ദുന്ദുഭ്യായൈകപാദായ അജായ ബുദ്ധിദായ ച
ആരണ്യായ ഗൃഹസ്ഥായ യതയേ ബ്രഹ്മചാരിണേ 138

സാംഖ്യായ ചൈവ യോഗായ വ്യാപിനേ ദീക്ഷിതായ ച

അനാഹതായ ശർവായ ഭവ്യേശായ യമായ ച 139

രോധസേ ചേകിതാനായ ബ്രഹ്മിഷ്ഠായ മഹർഷയേ
ചതുഷ്പദായ മേധ്യായ രക്ഷിണേ ശീഘ്രഗായ ച 140

ശിഖണ്ഡിനേ കരാളായ ദംഷ്ട്രിണേ വിശ്വവേധസേ
ഭാസ്വരായ പ്രതീതായ സുദീപ്തായ സുമേധസേ 141

ക്രൂരായാവികൃതായൈവ ഭീഷണായ ശിവായ ച
സൗമ്യായ ചൈവ മുഖ്യായ ധാർമികായ ശുഭായ ച 142

അവധ്യായാമൃതായൈവ നിത്യായ ശാശ്വതായ ച
വ്യാപൃതായ വിശിഷ്ടായ ഭരതായ ച സാക്ഷിണേ 143

ക്ഷേമായ സഹമാനായ സത്യായ ചാമൃതായ ച
കർത്രേ പരശവേ ചൈവ ശൂലിനേ ദിവ്യചക്ഷുഷേ 144

സോമപായാജ്യപായൈവ ധൂമപായോഷ്മപായ ച
ശുചയേ പരിധാനായ സദ്യോജാതായ മൃത്യവേ 145

പിശിതാശായ സർവായ മേഘായ വിദ്യുതായ ച
വ്യാവൃത്തായ വരിഷ്ഠായ ഭരിതായ തരക്ഷവേ 146

ത്രിപുരഘ്നായ തീർഥായാവക്രായ രോമശായ ച
തിഗ്മായുധായ വ്യാഖ്യായ സുസിദ്ധായ പുലസ്തയേ 147

രോചമാനായ ചണ്ഡായ സ്ഫീതായ ഋഷഭായ ച
വ്രതിനേ യുഞ്ജമാനായ ശുചയേ ചോർധ്വരേതസേ 148

അസുരഘ്നായ സ്വാഘ്നായ മൃത്യുഘ്നേ യജ്ഞിയായ ച
കൃശാനവേ പ്രചേതായ വഹ്നയേ നിർമലായ ച 149

രക്ഷോഘ്നായ പശുഘ്നായാവിഘ്നായ ശ്വസിതായ ച
വിഭ്രാന്തായ മഹാന്തായ അർണവേ ദുർഗമായ ച 150

കൃഷ്ണായ ച ജയന്തായ ലോകാനാമീശ്വരായ ച
അനാശ്രിതായ വേധ്യായ സമത്വാധിഷ്ഠിതായ ച 151

ഹിരണ്യബാഹവേ ചൈവ വ്യാപ്തായ ച മഹായ ച
സുകർമണേ പ്രസഹ്യായ ചേശാനായ സുചക്ഷുഷേ 152

ക്ഷിപ്രേഷവേ സദശ്വായ ശിവായ മോക്ഷദായ ച
കപിലായ പിശങ്ഗായ മഹാദേവായ ധീമതേ 153 ▸▸

മഹാകായായ ദീപ്താ‌യ രോദനായ സഹായ ച
ദൃഢധന്വിനേ കവചിനേ രഥിനേ ച വരൂഥിനേ 154

ഭൃഗുനാഥായ ശുക്രായ ഗഹ്വരേഷ്ഠായ വേധസേ
അമോഘായ പ്രശാന്തായ സുമേധായ വൃഷായ ച 155

നമോസ്തു തുഭ്യം ഭഗവന്വിശ്വായ കൃത്തിവാസസേ
പശൂനാം പതയേ തുഭ്യം ഭൂതാനാം പതയേ നമഃ 156

പ്രണവേ ഋഗ്യജുഃ സാമ്നേ സ്വാഹായ ച സ്വധായ ച
വഷട്കാരാത്മനേ ചൈവ തുഭ്യം മന്ത്രാത്മനേ നമഃ 157

ത്വഷ്ട്രേ ധാത്രേ തഥാ കർത്രേ ചക്ഷുഃ ശ്രോത്രമയായ ച
ഭൂതഭവ്യഭവേശായ തുഭ്യം കർമാത്മനേ നമഃ 158

വസവേ ചൈവ സാധ്യായ രുദ്രാദിത്യസുരായ ച
വിഷായ മാരുതായൈവ തുഭ്യം ദേവാത്മനേ നമഃ 159

അഗ്നീഷോമവിധിജ്ഞായ പശുമന്ത്രൗഷധായ ച
സ്വയംഭുവേ ഹ്യജായൈവ അപൂർവപ്രഥമായ ച
പ്രജാനാം പതയേ ചൈവ തുഭ്യം ബ്രഹ്മാത്മനേ നമഃ 160

ആത്മേശായാത്മവശ്യായ സർവേശാതിശയായ ച
സർവഭൂതാങ്ഗഭൂതായ തുഭ്യം ഭൂതാത്മനേ നമഃ 161

നിർഗുണായ ഗുണജ്ഞായ വ്യാകൃതായാമൃതായ ച
നിരുപാഖ്യായ മിത്രായ തുഭ്യം സാഖ്യാത്മനേ നമഃ 162

പൃഥിവ്യൈ ചാന്തരിക്ഷായ ദിവ്യായ ച മഹായ ച
ജനസ്തപായ സത്യായ തുഭ്യം ലോകാത്മനേ നമഃ 163

അവ്യക്തായ ച മഹതേ ഭൂതാദേരിന്ദ്രിയായ ച
ആത്മജ്ഞായ വിശേഷായ തുഭ്യം സർവാത്മനേ നമഃ 164

നിത്യായ ചാത്മലിങ്ഗായ സൂക്ഷ്മായൈവേതരായ ച
ബുദ്ധായ വിഭവേ ചൈവ തുഭ്യം മോക്ഷാത്മനേ നമഃ 165

നമസ്തേ ത്രിഷു ലോകേഷു നമസ്തേ പരതസ്ത്രിഷു
സത്യാന്തേഷു മഹാദ്യേഷു ചതുർഷു ച നമോ/സ്തു തേ 166

നമഃ സ്തോത്രേ മയാ ഹ്യസ്മിന്യദി ന വ്യാഹൃതം ഭവേത്
മദ്ഭക്ത ഇതി ബ്രഹ്മണ്യ തത്സർവം ക്ഷന്തുമർഹസി 167

# ലളിതാസഹസ്രനാമം വ്യാഖ്യാനം – 11

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

### 20. ശിഞ്ജാനമണിമഞ്ജീരമണ്ഡിതശ്രീപദാംബുജാ
### മരാളീമന്ദഗമനാ മഹാലാവണ്യശേവധിഃ

**ശിഞ്ജാനമണിമഞ്ജീരമണ്ഡിതശ്രീപദാംബുജാ** = ഹൃദ്യവും മൃദുവുമായ ശബ്ദം ഉണ്ടാക്കുന്ന തൊങ്ങലുകളുള്ള നൂപുരങ്ങളാൽ അലങ്കൃതമായ ഐശ്വര്യപൂർണ്ണമായ കാലിണകളോടുകൂടിയവൾ.

ഈ നാമത്തിൽ ദേവിയുടെ കാലിണകളെ വീണ്ടും വർണ്ണിക്കുകയാണ്. ദേവിയുടെ പാദങ്ങൾ താമരപോലെ മൃദുലങ്ങളാണ്. അതുപോലെ ഐശ്വര്യപൂർണ്ണവുമാണ്. അവ നൂപുരങ്ങളാൽ അലങ്കൃതങ്ങളുമാണ്. നൂപുരങ്ങളുടെ നേർത്ത ശബ്ദം കേൾക്കുകയും ചെയ്യാം. കാരണം നൂപുരങ്ങളിൽ കിങ്ങിണി കോർത്തിരിക്കുന്നു. മാത്രമല്ല മറ്റൊരു അർത്ഥവും ശ്രദ്ധേയമാണ്. ഇരിക്കുകയായിരുന്ന ദേവി പതുക്കെ എഴുന്നേറ്റ് മെല്ലെ ചലിക്കുന്നു. അങ്ങനെ ചലിക്കുമ്പോൾ നമുക്ക് ദേവിയുടെ കാലുകളിൽ അണിഞ്ഞിരിക്കുന്ന നൂപുരങ്ങളുടെ മൃദുവായ ശബ്ദം കേൾക്കാം. ആ മൃദുവായ നൂപുരസ്വനങ്ങളിലേയ്ക്ക് ഈ നാമം നമ്മുടെ കാതുകുർപ്പിക്കുന്നു. ഈ നാമം ചൊല്ലുമ്പോൾ ദേവിയുടെ മെല്ലെയുള്ള ആ ഉത്ഥാനവും നടത്തവും നൂപുരങ്ങളുടെ വളരെ നേർത്തതും സുന്ദരവുമായ ശബ്ദവുമാണ് നാം ഭാവന ചെയ്യേണ്ടത്. ആ മെല്ലെയുള്ള ചലനവും ശബ്ദവും ദേവിയാണ്. നിശ്ശബ്ദനായ ശിവന്റെ ചലനമാണ് ദേവി. ആ ചലനം ശബ്ദമാണ്. ഇതിനുമുമ്പുള്ള നാമങ്ങളിൽ വീണാനാദം, വൈഖരീ ശബ്ദമായ സല്ലാപം, അരയിൽ കെട്ടിയിരിക്കുന്ന മണിനാദം എന്നിവയെക്കുറിച്ചെല്ലാം പറഞ്ഞു. ഇപ്പോൾ ഈ നാമത്തിൽ അതിലും നേർത്ത നൂപുരശബ്ദത്തെക്കുറിച്ച് പറയുകയാണ്. സർവ്വവ്യാപിയായ ദേവിയെ ഈ നാമങ്ങളിലൂടെ വിവിധ ശബ്ദങ്ങളായി പരിചയപ്പെടുത്തി. അതുകൊണ്ട് തീർച്ചയായും ദേവിയുടെ ചലനവും അതിൽനിന്ന് ഭിന്നമല്ലാത്ത ശബ്ദവും ഈ പ്രപഞ്ചമാണ്. ഈ വീണാനാദവും മേൽപ്പറഞ്ഞ സല്ലാപവും, മണിനാദവും നൂപുരസ്വനവുമെല്ലാം വളരെ ഹൃദ്യവും ആസ്വാദ്യതരവുമാണല്ലോ. ദേവിയുടെ ചലനവും ശബ്ദവുമായ ഈ പ്രപഞ്ചവും ഹൃദ്യവും ആസ്വാ ▸▸

▶▶ ദ്യതരവുമാണെന്ന് ഈ നാമത്തിന്റെ ഭാവനാസൃഷ്ടിയിലൂടെ നമുക്ക് അനുഭവവേദ്യമാക്കി തരുന്നു.

ദേവിയുടെ സ്ഥൂലവർണ്ണനയിൽ നിറം, മണം, ശബ്ദം എന്നിവയുടെ ഒരു വിഹാരം നമ്മൾ കണ്ടു. നിറം രൂപവും, ശബ്ദം നാമവുമാണ്. മണമെന്നത് ഒരു ഗുണമാകയാൽ ഗുണപൂർണ്ണമായ ഈ പ്രപഞ്ചത്തിൽ ഉള്ളതിനെല്ലാം ഒരു നാമമുണ്ട്. നാമമുള്ളതിനെല്ലാം ഒരു രൂപവുമുണ്ട്. നാമരൂപങ്ങൾ നിറഞ്ഞതും ഗുണപൂർണ്ണവുമായ ഈ പ്രപഞ്ചംതന്നെ ദേവിയെന്ന് മനസ്സിലാക്കാം.

ഇപ്രകാരം സഹസ്രനാമത്തിലെ ഓരോ നാമവും ദേവിയെന്ന ഈശ്വരസത്യത്തെ ഉൾക്കൊണ്ടിരിക്കുന്നു. ഒരു നാമംകൊണ്ട് മനസ്സിലാകാത്തവർക്ക് അടുത്ത നാമം. അങ്ങനെ ഓരോ നാമവും സത്യത്തെ അനാവരണം ചെയ്തുവരുന്നു. അങ്ങനെ ആയിരം നാമം കൊണ്ട് ദേവിയെ മനസ്സിലാക്കാം.

**മരാളീമന്ദഗമനാ** = അരയന്നപ്പിടപോലെ പതുക്കെ നടക്കുന്നവൾ.

ദേവി വളരെ പതുക്കെ നടക്കുന്നവളാണ് എന്ന് ഈ നാമത്തിലൂടെ മനസ്സിലാക്കാം. ഒന്നും ചെയ്യാനും എവിടെയ്ക്കെങ്കിലും പോകാനും ആരേയും കാണാനും ഇല്ലാത്തതുകൊണ്ട് വളരെ പതുക്കെയാണ് നടക്കുന്നത്. എല്ലാം ചെയ്തു കഴിഞ്ഞവളാണെന്ന് അർത്ഥം. നമ്മൾ ഓരോരുത്തരും സ്വന്തം ആവശ്യമാണ് വളരെ അടിയന്തരമായിട്ടുള്ളത് എന്നാണ് വിചാരിക്കുന്നത്. എന്നാൽ ദേവിക്ക് നമ്മുടെ ആവശ്യവും ആവശ്യമില്ലായ്മയും നന്നായിട്ട് അറിയാവുന്നതുകൊണ്ട് വളരെ പതുക്കെയാണ് നടക്കുന്നത്. ദേവിയുടെ ഏതും വളരെ പതുക്കെയാണ്. കാളി പരമശിവനിൽ പ്രചണ്ഡമായ ചലനമാണെങ്കിൽ വളരെ സൗമ്യവും മന്ദവുമായ ചലനമാണ് ത്രിപുരസുന്ദരിയുടേത്. കാളി സംഹാരത്തിന്റെ പ്രതീകമാണ് എന്നാൽ, സൃഷ്ടിയുടെ പ്രതീകമാണ് ത്രിപുരസുന്ദരി. അതാണ് ദേവി എല്ലാം പതുക്കെ ചെയ്യുന്നത്. വളരെ വിശ്രാന്തിയനുഭവിച്ചും ഉല്ലാസമായുമാണ് ദേവി നടക്കുന്നത്. നമ്മുടെ മനസ്സ് ഉത്കണ്ഠയും ആകാംക്ഷയും നിറഞ്ഞതും പിരിമുറുക്കത്തോടുകൂടിയതുമാണെങ്കിൽ ദേവിയുടെ ഈ നടത്തത്തേയും ഈ നാമത്തിന്റെ അർത്ഥതലങ്ങളെ ചിന്തിക്കുകയും ചെയ്താൽ മതി.

**മഹാലാവണ്യശേവധിഃ** = മഹത്തായ സൗന്ദര്യങ്ങളുടെ നിധിയായിട്ടുള്ളവൾ.

ഏതെല്ലാം വസ്തുക്കൾ ഈ ലോകത്ത് സുന്ദരമായിട്ടുണ്ടോ അതിന്റെയെല്ലാം അനേകായിരം ഇരട്ടി സൗന്ദര്യമുള്ളവളാണ് ദേവി.

ഒരാൾക്കും ദേവിയുടെ സൗന്ദര്യത്തെ ഈ ലോകത്തിലെ ഏതെങ്കിലും വസ്തുവിനോട് തുലനം ചെയ്യാൻ സാധിക്കില്ല. ദേവിയിൽ കാണുന്ന ഓരോന്നും സുന്ദരതരങ്ങളാണ്. ഓരോ അവയവങ്ങളെടുത്ത് പരിശോധിച്ചാൽ അവയെല്ലാം ലോകത്ത് മറ്റേതൊരു വ്യക്തിയുടെതിനേക്കാളും സുന്ദരമായിട്ടുള്ളതാണെന്ന് മുൻ നാമങ്ങളിൽ നാം കണ്ടു. ശ്രീരാമകൃഷ്ണ പരമഹംസർക്ക് സാധനാസമയത്ത് ത്രിപുരസുന്ദരിയുടെ ദർശനമുണ്ടായി. അതിനുശേഷം തന്നെ കാണാൻ വന്ന ഭക്തന്മാരോട് അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി. ത്രിപുരസുന്ദരിയെ ഒരിക്കൽ ദർശിച്ചാൽ പിന്നെ ലോകത്തുള്ളതൊന്നും നിങ്ങൾക്ക് സുന്ദരമായിട്ടുള്ളതായി തോന്നുകയില്ലെന്നാണ് അദ്ദേഹത്തിന്റെ ആ വചനം. കണ്ണിനു കാണാനും, കാതിനു കേൾക്കാനും, ത്വക്കിനു തൊടാനും, മൂക്കിനു മണക്കാനും, നാക്കിനു രുചിക്കാനും സുന്ദരമായിട്ടുള്ളത് ഏതൊക്കെയാണോ അവയേക്കാളും സുന്ദരമായിട്ടുള്ളതാണ് ദേവി. ഇന്ദ്രിയങ്ങൾക്ക് ഇഷ്ടമുള്ളത് എന്തോ അതാണ് സുന്ദരം എന്നതാണ് സൗന്ദര്യത്തിന്റെ നിർവ്വചനം. അപ്പോൾ ദേവിയുടെ സൗന്ദര്യം ഇന്ദ്രിയാതീതമാണ്.

### 21. സർവ്വാരുണാ/നവദ്യാംഗീ സർവ്വാഭരണഭൂഷിതാ ശിവകാമേശ്വരാങ്കസ്ഥാ ശിവാ സ്വാധീനവല്ലഭാ

**സർവ്വാരുണാ** = സകലതും ചുവപ്പുനിറമാർന്നവൾ.

ദേവിയെ ഒറ്റനോട്ടത്തിൽ ചുവപ്പുനിറമാർന്നവളായി മനസ്സിലാക്കാം. മധുരാഷ്ടകം എന്ന കീർത്തനത്തിൽ ഏതുപോലെ കൃഷ്ണന്റെ നടത്തവും അധരവും ഭാഷണവും അങ്ങനെയെല്ലാംതന്നെ മധുരമായി പറയുന്നത് അതുപോലെ ദേവിയുടെ കിരീടം, നെറ്റിത്തടം, കവിൾത്തടം, തിലകക്കുറി എന്നിങ്ങനെയെല്ലാംതന്നെ ചുവപ്പുമയമാണ്. അങ്ങനെ ദേവി ആകെ ചുവപ്പിന്റെ നിധിയാണ്. ലജ്ജിക്കുമ്പോഴാണല്ലോ കവിൾത്തടത്തിൽ ഈ അരുണനിറം വരിക. ദേവിയുടെ കവിൾത്തടത്തിലെ അരുണനിറം ദേവി ലജ്ജയുള്ളവളാണെന്ന് കാണിക്കുന്നു. ലജ്ജ കുലീനതയുടെ ലക്ഷണമാണ്. അപ്പോൾ ദേവി ഒതുക്കമുള്ളവളാണെന്നും നിയന്ത്രിതയാണെന്നും മനസ്സിലാക്കാം. കാളിയെപ്പോലെ പ്രചണ്ഡയല്ല. നിയന്ത്രിതയും സൗമ്യയുമായ ഈ ദേവിയെ (ത്രിപുരസുന്ദരിയെ) സൂക്ഷിച്ച് സമീപിക്കണമെന്നേയുള്ളു. കാരണം ഈ ദേവി മഹാരാജ്ഞിയും കൂടിയാണ്.

**അനവദ്യാംഗീ** = ഒരു കോട്ടവുമില്ലാത്ത അവയവങ്ങളോടു കൂടിയവൾ.

ദേവിയുടെ അവയവങ്ങൾക്ക് യാതൊരു കോട്ടവുമില്ല. ദേവിയു ▶▶

ടെ ഓരോ അവയവങ്ങളും എടുത്തുനോക്കിയാൽ ഒരു തെറ്റുകുറ്റങ്ങളും കാണാൻ സാധിക്കില്ല എന്ന മാത്രമല്ല എല്ലാം അതിന്റെ പരിപൂർണ്ണതയിലുമാണ്. അതാണ് നാമത്തിലെ "അനവദ്യം' എന്ന ഘടക പദംകൊണ്ട്  പറയുന്നത്. ദേവിയുടെ കണ്ണ് കണ്ണും, കാത് കാതും, മൂക്ക് മൂക്കുമാണ്. അങ്ങനെ ദേവിയുടെ എല്ലാ അവയവങ്ങളും കുറ്റമറ്റതും സമഗ്രവും അക്ഷയവും ശുദ്ധവും വിദഗ്ദ്ധവുമാണ്. അനവദ്യവും അനാദിയുമായ വർണ്ണപ്രപഞ്ചത്തിലെ ചില വർണ്ണങ്ങളെ മാത്രമേ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. കാരണം നമ്മുടെ ഇന്ദ്രിയങ്ങൾ പരിമിതങ്ങളും അപൂർണ്ണങ്ങളുമാണ്. ദേവിക്കാണെങ്കിൽ പട്ടി, പൂച്ച, മനുഷ്യൻ എന്നിങ്ങനെ എല്ലാ ജീവജാലങ്ങൾ കാണുന്നതും കാണാത്തതുമായ എല്ലാം ദൃഷ്ടിഗോചരമാണ്. ദേവിയുടെ കാഴ്ച, ശബ്ദം, സ്പർശം, വാക്ക് എന്നിങ്ങനെ ദേവിയുടെ എല്ലാം പരിപൂർണ്ണമാണ്. അതുകൊണ്ട് ദേവി പരിപൂർണ്ണതയുടെ മൂർത്തിമദ്ഭാവമാണ്. അങ്ങനെ ദേവി ലോകത്തെ ഒന്നടങ്കം അറിയുവാൻ ശക്തിയുള്ളവളാണ്.

**സർവ്വാഭരണഭൂഷിതാ** = സകലാഭരണങ്ങളാലും അലങ്കരിക്കപ്പെട്ടവൾ.

വളരെ വിലപിടിപ്പുള്ളതാണ് ദേവിയുടെ പട്ടുകളും ആഭരണങ്ങളും. അവ തിളങ്ങുന്നവയുമാണ്. ഇത് ദേവി വളരെ മോടിയുള്ളവളും ചുറുചുറുക്കുള്ളവളാണെന്നും കാണിക്കുന്നു. ചൂഡാരത്നം മുതൽ പാദത്തിലെ മോതിരംവരെയുള്ള വ്യത്യസ്തങ്ങളായ നാല്പതുതരം ആഭരണങ്ങളാൽ ഭൂഷിതയാണ് ദേവി. ഇതിലൂടെ സൗന്ദര്യവും സമ്പൽസമൃദ്ധിയും ദേവിയിലുണ്ടെന്ന് കാണാം.

## നന്ദികേശ്വര കാശികാ - 7
(മന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം)

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**അകാരം**

മുൻ സൂത്രങ്ങളിൽ നിർഗുണബ്രഹ്മം എന്നും പരമേശ്വരനെന്നും ആദ്യശിവശക്തി സ്പന്ദനമെന്നും എല്ലാറ്റിനേയും പ്രകാശിപ്പിക്കുന്ന പ്രകാശമെന്നും പറയുന്ന അകാരത്തെ പരിചയപ്പെടുത്തി. അകാരം ആദിമ സ്പന്ദനത്തിന്റെ ഉറവിടവും എട്ടു കാലിയും അതിന്റെ വലയും എന്നപ്പോലെ ഈ ജഗത്തിന്റെ ഉപാദാന കാരണവുമാണ്.

**ഇകാരം**

'ഇ' എന്ന അക്ഷരത്തെ പരിചയപ്പെടുത്തിയത് ബോധസ്വരൂപനായ നിർഗുണ ബ്രഹ്മത്തിന്റെ പൂർവ്വരൂപമായ മായാശക്തി എന്നാണ്. ബോധസ്വരൂപനായ ആ പരമബ്രഹ്മം തന്നെയാണ് പ്രപഞ്ചമായി കാണപ്പെടുന്നതെങ്കിലും സർവ്വ വർണ്ണങ്ങളുടെയും പ്രകാശത്തിൽ തന്റെതന്നെ പൂർവ്വരൂപമായ മായാശക്തിയെ ബോധത്തിന് (പരബ്രഹ്മത്തിന്) ആശ്രയിക്കാതെ വയ്യ. അതിനാൽ 'ഇ' എന്നത് സർവ്വ വർണ്ണ കാരണമായി.

**ഉകാരം**

'ഉ' എന്ന അക്ഷരം പ്രപഞ്ചസ്വരൂപിയായ ഈശ്വരൻ അഥവാ പരബ്രഹ്മചൈതന്യം പ്രവേശിച്ച സഗുണനായ വിഷ്ണു (വ്യാപിച്ചു നിൽക്കുന്നതുകൊണ്ട് വിഷ്ണു).

**ഋകാരവും ഌകാരവും**

ഈ വർണ്ണങ്ങൾ സർവ്വേശ്വരനും മായാ ശക്തിയുമാണെന്നും കണ്ടു. സുഷുമ്നാനാഡിയിലൂടെയാണ് ഇവയുടെ ഉദ്ഭവമെന്നും ഈ വർണ്ണങ്ങൾ ഈ ജഗത്തിനെ ജനിപ്പിച്ചുവെന്നും പറഞ്ഞു.

'വടബീജന്യായ'ത്തിലൂടെ (വടം = പേരാൽ; ബീജം = വിത്ത്; ചെറിയ വിത്തിനുള്ളിൽനിന്നാണ് വടവൃക്ഷത്തിന്റെ ഉത്പത്തി അഥവാ വടവൃക്ഷം ആ വിത്തിനുള്ളിൽ ഉണ്ടായിരുന്നതാണ്) മുൻ സൂത്രങ്ങളിൽനിന്ന് മനസ്സിലാക്കിയ ആ അഞ്ച് വർണ്ണങ്ങളാണ് സകലപ്രപഞ്ചത്തിന്റെയും കാരണമെന്നാണ് പൂർവ്വശ്ലോകങ്ങളിൽനിന്നു മനസ്സിലായത്. 10-ാം ശ്ലോകത്തിൽ ജഗത്തിനെ ജനിപ്പിച്ചു എന്നു പറഞ്ഞപ്പോൾ ഒന്ന് സൃഷ്ടമായതും മറ്റൊന്ന് സ്രഷ്ടാവും എന്ന തരത്തിൽ രണ്ടെന്ന ഭാവം വന്നു എന്ന ആശങ്ക സ്വാഭാവികം. എന്നാൽ അദ്വൈതത്തിന് ഇവിടെ കുറവൊന്നും സംഭവിച്ചില്ല എന്നു പറയുന്നു അടുത്ത സൂത്രം.

**സൂത്രം 3**

**എ ഓങ്**

**13. എ ഓങ് മായേശ്വരാത്മൈക്യ**
**വിജ്ഞാനം സർവ്വവസ്തുഷു**
**സാക്ഷിത്വാത് സർവ്വഭൂതാനാം**
**സ ഏക ഇതി നിശ്ചിതം**

▸▸

| | | |
|---|---|---|
| എ ഓങ് | = | എ ഓങ് എന്ന സൂത്രം |
| മായേശ്വരത്ത്യൈക്യ വിജ്ഞാനം | = | മായയുടെയും ഈശ്വരന്റെയും ഐക്യമാകുന്ന വിജ്ഞാനം |
| (ഭവതി) | = | (ആകുന്നു) |
| സർവ്വഭൂതാനാം | = | എല്ലാറ്റിന്റേയും |
| സാക്ഷിത്വാത് | = | സാക്ഷിയാകയാൽ |
| സഃ | = | ഇത് |
| ഏകഃ ഇതി | = | ഒന്ന് എന്ന് |
| നിശ്ചിതം | = | തീർച്ചയാണ്. |

ഈ സൂത്രത്തിൽ നാം ഈശ്വരന്റേയും മായാശക്തിയുടെയും ഏകത്വമാണ് ശ്രദ്ധിക്കേണ്ടത്. ഇതിലെ രണ്ട് അക്ഷരങ്ങൾ 'എ'യും 'ഒ'യും ആണ്. 'അ' എന്ന നിർഗുണ ബ്രഹ്മരൂപമായ ഈശ്വരനും 'ഇ' എന്ന സ്വമായാശക്തിയും ചേർന്നാണ് എകാരം നിഷ്പന്നമാകുന്നത്. 'അ' അധികം 'ഇ', 'എ' എന്ന അക്ഷരമാണെന്ന് (അ+ഇ = എ) ആണെന്ന് വ്യാകരണശാസ്ത്രവും പറയുന്നു. അതുപോലെ 'അ' എന്ന നിർഗുണബ്രഹ്മരൂപമായ ഈശ്വരനും 'ഉ' എന്ന പരമാത്മാവായ നിർഗുണബ്രഹ്മം എന്ന ചൈതന്യം പ്രവേശിച്ച വിഷ്ണു എന്ന സഗുണപ്രപഞ്ചസ്വരൂപിണിയായ ശക്തിയും ചേർന്നാണ് 'ഒ' എന്ന അക്ഷരം നിഷ്പന്നമാകുന്നത്. അ+ഉ = ഒ എന്ന് വ്യാകരണശാസ്ത്രവും പറയുന്നു.

ഇപ്രകാരം ഈശ്വരന്റെയും (അ) മായയുടെയും (ഇ) ഏകത്വമാണ് ഇതുകൊണ്ട് ബോധിതമാകുന്നത്. അപ്രകാരം അകാരം ഉകാരം (അ+ഉ) എന്നിവകൊണ്ട് നിഷ്പന്നമാകുന്നതും പ്രണവമായി മാറുന്നതുമായ ഓകാരത്താൽ സഗുണനിർഗുണങ്ങളുടെ ഐക്യമാണ് ബോധ്യമാകുന്നത്. ഓകാരത്തിന്റെ ഉച്ചാരണം വിലയം പ്രാപിക്കുമ്പോൾ പ്രണവമായി മാറുന്നത് ശ്രദ്ധയിൽ പെടുന്നതാണല്ലോ. ഇപ്രകാരം അദ്വൈതനിരാസത്തെ തള്ളിക്കളയുന്നു. മാത്രമല്ല, അക്ഷരാത്മകനായ (അക്ഷരം = ന ക്ഷരം = നശിക്കാത്തത്) 'അ' മായായുക്തനായി ('ഇ' = ജ്ഞാനസ്വരൂപനായ നിർഗുണബ്രഹ്മത്തിന്റെതന്നെ പൂർവ്വരൂപം) ഇകാരത്തോടുകൂടി ചേർന്നുകഴിയുമ്പോൾ പ്രജ്ഞാന (പ്രകർഷേണയുള്ള ജ്ഞാനം) സ്വരൂപനായിത്തീരും. ഇത് അ+ഉ = ഒ എന്ന സ്ഥലത്തും ബാധകമാണ്. പ്രകർഷേണയുള്ള അറിവാണല്ലോ സൃഷ്ടി. അതുകൊണ്ട് 'എ', 'ഒ' എന്നിവ ജഗത്തിന്റെ സൃഷ്ടിയെ സൂചിപ്പിക്കുന്നു.

# സംസ്കൃതപഠനം - 19

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

ദ്വിതീയാവിഭക്തിരൂപങ്ങളുള്ള പദങ്ങൾ എവിടെ പ്രയോഗിക്കണമെന്നാണ് നമ്മൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷണാർത്ഥത്തിലുള്ള ക്രിയാപദം പ്രേരണാർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ ദ്വിതീയാവിഭക്തിരൂപമുള്ള പദം വരും.

ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാമോ?

വാക്യം 1 - बालः दोशां भुङ्क्ते = ബാലൻ ദോശ കഴിക്കുന്നു.

വാക്യം 2 - अम्बा बालं दोशां भोजयति = അമ്മ ബാലനെ ദോശ കഴിപ്പിക്കുന്നു.

വാക്യം 1 - देवाः अमृतम् अश्नन्ति = ദേവന്മാർ അമൃത് ഭുജിക്കുന്നു.

വാക്യം 2 - मोहिनी देवान् अमृतम् आशयत् = മോഹിനി ദേവന്മാരെ അമൃത് ഭുജിപ്പിച്ചു.

വാക്യം 1 - शिशुः पयः पिबति = ശിശു പാൽ കുടിക്കുന്നു.

വാക്യം 2 - माता शिशुं पयः पाययति = അമ്മ ശിശുവിനെ പാൽ കുടിപ്പിക്കുന്നു.

മുകളിൽ മൂന്ന് ഉദാഹരണങ്ങൾ കൊടുത്തിട്ടുണ്ട്.

ഓരോ ഉദാഹരണത്തിലും വാക്യം 1 കേവലവാക്യവും വാക്യം 2 പ്രേരണാർത്ഥകവാക്യവുമാണ്.

ഒന്നാം വാക്യത്തിലെ കർത്താവായ പ്രഥമാവിഭക്തിരൂപം രണ്ടാം വാക്യത്തിൽ കർമ്മമായും ദ്വിതീയാവിഭക്തിരൂപമായും പരിണമിച്ചത് വിശകലനം ചെയ്യാൻ താഴെ ഒരു പട്ടിക തയ്യാറാക്കിയിരിക്കുന്നു. അതോടൊപ്പം കേവല ക്രിയാപദം പ്രേരകക്രിയാപദമായി പരിണമിച്ചതും ശ്രദ്ധിക്കുക.

| ഉദാഹരണം | കർത്തൃപദം പ്രഥമവിഭക്തിരൂപം | കർമ്മപദം ദ്വിതീയാവിഭക്തിരൂപം | കേവലക്രിയ | പ്രേരകക്രിയ |
|---|---|---|---|---|
| 1. | बालः | बालं | भुङ्क्ते | भोजयति |
| 2. | देवाः | देवान् | आश्नन् | आशयत् |

▸▸

| | | | | |
|---|---|---|---|---|
| 3. | शिशुः | शिशुं | पिबति | पाययति |

ഈ ഉദാഹരണങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ക്രിയാപദങ്ങളുടെ ധാതു, ഗണം, പദം, ലകാരം എന്നിവയും മറ്റു രൂപങ്ങളും പറഞ്ഞുതരുമോ?

रुधादिगणे 'भुज' अभ्यवहारे आत्मनेपदी लट् - वर्तमानकाले

भुङ्क्ते भुञ्जाते भुञ्जते
भुङ्क्षे भुञ्जाथे भुङ्ध्वे
भुञ्जे भुञ्ज्वहे भुञ्ज्महे

अभ्यवहारः = ഭക്ഷണം

പ്രേരണാർത്ഥത്തിലുള്ള രൂപം വർത്തമാന കാലത്തിൽ

भोजयति भोजयतः भोजयन्ति
भोजयसि भोजयथः भोजयथ
भोजयामि भोजयावः भोजयामः

भ्वादिगणे पा पाने परस्मैपदी लट् - वर्तमाने

पिबति पिबतः पिबन्ति
पिबसि पिबथः पिबथ
पिबामि पिबावः पिबामः

പ്രേരണാർത്ഥത്തിൽ :

पाययति पाययतः पाययन्ति
पाययसि पाययथः पाययथ
पाययामि पाययावः पाययामः

अत्ति, खादति ഇവ രണ്ടും ഭക്ഷണാർത്ഥത്തിലായതുകൊണ്ട് ഇവയുടെ പ്രേരണാർത്ഥത്തിൽ കേവലക്രിയയിലെ കർത്താവിന് ഇവിടെ ദ്വിതീയാവിഭക്തി വരുമോ?

ഇല്ല. അത് ഇപ്രകാരമാണ്.

വാക്യം 1 - अतिथिः अन्नम् अत्ति = അതിഥി ഭക്ഷണം ഭുജിക്കുന്നു.

വാക്യം 2 - आतिथेयः अतिथिना अन्नं आदयति = ആതിഥേയൻ അതിഥിയെ ഭക്ഷണം കഴിപ്പിക്കുന്നു.

വാക്യം 1 - छात्रः ओदनं खादति = വിദ്യാർത്ഥി ചോറ് ഉണ്ണുന്നു.

വാക്യം 2 - अध्यपिका छात्रेण ओदनं खादयति = അധ്യാപിക വി

ദ്യാർത്ഥിയെ ചോറ് ഊട്ടുന്നു.

अदादिगणे अद भक्षणे परस्मैपदी लट् - वर्तमानकाले

| | | |
|---|---|---|
| अत्ति | अत्तः | अदन्ति |
| आत्सि | अत्थः | अत्थ |
| अद्मि | अद्वः | अद्मः |

പ്രേരണാർത്ഥത്തിൽ :

| | | |
|---|---|---|
| आदयति | आदयतः | आदयन्ति |
| आदयसि | आदयथः | आदयथ |
| आदयामि | आदयावः | आदयामः |

क्र्यादिगणे अश भोजने परस्मैपदी लङ् - भूतकाले

| | | |
|---|---|---|
| आश्नात् | आश्नीताम् | आश्नन् |
| आश्नाः | आश्नीतम् | आश्नीत |
| आश्नाम् | आश्नीव | आश्नीम |

പ്രേരണാർത്ഥത്തിൽ :

| | | |
|---|---|---|
| आशयत् | आशयताम् | आशयन् |
| आशयः | आशयतम् | आशयत |
| आशयम् | आशयाव | आशयाम |

ഇതുപോലെ ഈ ഉദാഹരണം ശ്രദ്ധിക്കുക.

ब्रह्मचारी अन्नं भक्षयति എന്ന വാക്യം പ്രേരണാർത്ഥത്തിൽ ആക്കിയപ്പോൾ

आचार्यः ब्रह्मचारिणा अन्नं भक्षयति എന്നാണ്.

ഇവിടെ ദ്വിതീയാവിഭക്തി വന്നില്ല. തൃതീയാവിഭക്തിയാണ് വന്നിരിക്കുന്നത്.

എന്നാൽ वृषभाः सस्यं भक्षयन्ति എന്നത് പ്രേരണാർത്ഥത്തിൽ स्वामी वृषभान् सस्यं भक्षयति എന്നാണ് ഇവിടെ ദ്വിതീയാവിഭക്തി വന്നു.

എന്താണ് ഈ വ്യത്യാസത്തിനു കാരണം?

ഹിംസാർത്ഥത്തിലാണ് भक्षयति എന്ന് പ്രയോഗിക്കുന്നതെങ്കിൽ ദ്വിതീയാവിഭക്തി വരും. അല്ലെങ്കിൽ വരില്ല എന്നാണ് കാരണം പറയുന്നത്.

ഇനിയും ഉദാഹരണങ്ങളുണ്ടോ? ▸▸

▶▶ മറ്റു ഉദാഹരണങ്ങൾ നോക്കൂ.

വാക്യം 1 - पितामहः उपविशति। = മുത്തച്ഛൻ ഇരിക്കുന്നു.

വാക്യം 2 - पौत्रः पितामहम् अपवेशयति। = പൗത്രൻ മുത്തച്ഛനെ ഇരുത്തുന്നു.

ഇവിടെ ഒന്നാം വാക്യത്തിൽ കർമ്മമില്ല. കർമ്മമില്ലാത്ത ക്രിയയുടെ പ്രയോഗത്തിലും ആദ്യവാക്യത്തിലെ കർത്താവ് രണ്ടാം വാക്യത്തിൽ കർമ്മമാകും. ഉദാഹരണങ്ങൾ :

വാക്യം 1 - भूमिः सलिले आस्त। = ഭൂമി വെള്ളത്തിൽ ഇരുന്നു.

വാക്യം 2 - विष्णुः भूमिं सलिले आसयत्। = വിഷ്ണു ഭൂമിയെ വെള്ളത്തിൽ ഇരുത്തി.

ഇതിന്റെ പ്രത്യേകത എന്ത്?

ഇവിടെ आस्त എന്ന (ഇരുന്നു) ക്രിയക്ക് കർമ്മമില്ല. എന്തിനെ ഇരുന്നു എന്ന ചോദ്യത്തിന് ഉത്തരമില്ലാത്തതുകൊണ്ട് കർമ്മമില്ല. അവിടെ പ്രഥമവാക്യത്തിലെ കർത്താവ് ദ്വിതീയാവാക്യത്തിൽ കർമ്മമായതും ദ്വിതീയാവിഭക്തിരൂപത്തിലായതും കണ്ടില്ലേ.

വേറെ ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

വാക്യം 1 - अनुयायी किमपि जल्पति = അനുയായി എന്തോ ജല്പിക്കുന്നു.

വാക്യം 2 - नेता अनुयायिनं किमपि जल्पयति = നേതാവ് അനുയായിയെക്കൊണ്ട് എന്തോ ജല്പനം ചെയ്യിക്കുന്നു.

വാക്യം 1 - राजा धर्मं भाषते = രാജാവ് ധർമ്മം പറയുന്നു.

വാക്യം 2 - गुरुः राजानं धर्मं भाषयति = ഗുരു രാജാവിനെക്കൊണ്ടു ധർമ്മം പറയിപ്പിക്കുന്നു.

വാക്യം 1 - शिशुः काकं पश्यति = ശിശു കാക്കയെ കാണുന്നു.

വാക്യം 2 - माता शिशुं काकं दर्शयति = അമ്മ ശിശുവിന് കാക്കയെ കാണിച്ചുകൊടുക്കുന്നു.

വാക്യം 1 - पचकः दोशां करोति = പാചകക്കാരൻ ദോശ ഉണ്ടാക്കുന്നു.

വാക്യം 2 - स्मामी पचकं दोशां कारयति = ഉടമസ്ഥൻ പാചകക്കാരനെക്കൊണ്ട് ദോശ ഉണ്ടാക്കിക്കുന്നു.

വാക്യം 1 - अर्जुनः सुभद्रां हरति = അർജ്ജുനൻ സുഭദ്രയെ കൊണ്ടുവരുന്നു.

വാക്യം 2 - श्रीकृष्णः अर्जुनं सुभद्रां हारयति = ശ്രീകൃഷ്ണൻ അർജ്ജു നനെക്കൊണ്ട് സുഭദ്രയെ കൊണ്ടുവരിക്കുന്നു.

ദ്വിതീയാവിഭക്തി വരുന്ന മറ്റു സന്ദർഭങ്ങൾ കാണിച്ചുതരുമോ?

തീർച്ചയായും. ആദ്യ ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

വാക്യം 1 - शिशुः प्रेङ्खायां शेते।

വാക്യം 2 - शिशुः प्रङ्खाम् अधिशेते। (ശിശു തൊട്ടിലിൽ കിടക്കു ന്നു).

വാക്യം 1 - कर्मकरः निःश्रेणिकायां तिष्ठति।

വാക്യം 2 - कर्मकरः निःश्रेणिकाम् अधितिष्ठति। (പണിക്കാരൻ ഏ ണിയിൽ നിൽക്കുന്നു)

വാക്യം 1 - अर्चकः मन्दिरे आस्ते।

വാക്യം 2 - अर्चकः मन्दिरम् अध्यास्ते। (പൂജാരി അമ്പലത്തിൽ സ്ഥിതിചെയ്യുന്നു)

ഇവിടെയെല്ലാം ഒന്നാം വാക്യത്തിൽ രണ്ടാമത്തെ വാക്ക് സപ്ത മി വിഭക്തിയിലാണ്. എന്നാൽ രണ്ടാം വാക്യത്തിൽ അവ ദ്വിതീയാ വിഭക്തിയിലാണ്. ഇതിനു കാരണമെന്ത്?

शेते, तिष्ठति, आस्ते എന്നീ ക്രിയാപദങ്ങളുടെ മുമ്പിലായി अधि എന്ന് ചേർന്നാൽ കർത്താവിന് ആധാരമായിട്ടുള്ളതിനെല്ലാം (ഇവിടെ प्रेङ्खा, निश्रेणिका, मन्दिरम्) കർമ്മസംജ്ഞയും ദ്വിതീയാ വിഭക്തിയും വരും.

മറ്റു ചില ഉദാഹരണങ്ങൾകൂടി പഠിക്കൂ.

1. कुञ्चिका तालम् अध्यास्ते = താക്കോൽ താഴിൽ സ്ഥിതി ചെയ്യുന്നു.
2. अध्यक्षः वेदिकाम् अध्यास्ते = അദ്ധ്യക്ഷൻ വേദിയിൽ സ്ഥി തിചെയ്യുന്നു.
3. वानरः वृक्षम् अधितिष्ठति = കുരങ്ങൻ മരത്തിൽ നിൽക്കു ന്നു.
4. हनूमान् लङ्काम् अधितिष्ठति = ഹനുമാൻ ലങ്കയിൽ നിൽ ക്കുന്നു.
5. विष्णुः पन्नगम् अधिशेते = വിഷ്ണു പാമ്പിന്മേൽ കിടക്കുന്നു.
6. रोगी पर्यङ्कम् अधिशेते = രോഗി കട്ടിലിൽ കിടക്കുന്നു.

# ദശമഹാവിദ്യ, കാളീസങ്കല്പം, മഹാപീഠരഹസ്യം

പറവൂർ ജ്യോതിസ്സ്

## നിഗമാഗമങ്ങൾ ഭാരതഭൂമിക്കാധാരം

ശ്രീകൃഷ്ണപരമാത്മതത്ത്വങ്ങളെ അഥവാ വാസുദേവന്റെ അഭിപ്രായങ്ങളെ ശിവന്റെ അഞ്ച് മുഖങ്ങളിൽക്കൂടി പാർവ്വതിക്ക് പറഞ്ഞുകൊടുത്തത് ആഗമവും, പാർവ്വതി ശിവന് പറഞ്ഞുകൊടുത്തത് നിഗമവുമാകുന്നു. ഈ വിദ്യകളെ സാമാന്യേന തന്ത്രം, ഡാമരം, യാമളം എന്നീ പേരുകൾകൊണ്ട് നിർദ്ദേശിക്കുന്നു. ശിവപാർവ്വതീസംവാദരൂപത്തിലുള്ള അനവധി തന്ത്രങ്ങളും, യാമളങ്ങളും ലഭ്യമാണ്. ആർഷഭാരതത്തിന്റെ ആദ്ധ്യാത്മികശക്തിവിശേഷത്തിന്റെ മൂലകാരണങ്ങളിൽ പ്രധാനം നിഗമാഗമങ്ങളാകുന്നു.

**ആഗതം ശിവവക്ത്രേഭ്യഃ ഗതം തു ഗിരിജാനനേ**
**മതം തു വാസുദേവസ്യ തസ്മാദാഗമ ഉച്യതേ**
**നിർഗ്ഗതം ഗിരിജാവക്ത്രാത് ഗതം തു ഗിരിശശ്രുതൗ**
**മതം തു വാസുദേവസ്യ നിഗമഃ പരികല്പ്യതേ**
**നിഗമാഗമമൂലാ ച ഭാരതീയാ ഹി സംസ്കൃതിഃ**

ഇതു കൂടാതെ ക്ഷേത്രങ്ങളിൽ ആചാരാനുഷ്ഠാനങ്ങളോടെ ചെയ്യുന്ന തന്ത്രശാസ്ത്രം, സുഖം തരുന്ന സംഗീതശാസ്ത്രം, ജ്ഞാനം തരുന്ന വ്യാകരണശാസ്ത്രം എന്നിവയെല്ലാം തന്നെ ശിവനിൽനിന്നും ലഭിച്ചവയാണ്.

## ദശമഹാവിദ്യാവിർഭാവരഹസ്യം

സ്വായംഭുവമന്വന്തരം എന്ന ഒന്നാം കല്പത്തിൽ മരീചി മുതലായ പ്രജാപതികൾ ഒത്തുചേർന്നു നടത്തിയ സത്രത്തിൽ വസിഷ്ഠൻ, നാരദൻ മുതലായ ഋഷിമാരും, ഇന്ദ്രാദി ദേവന്മാരും ഒത്തുചേർന്നു. ദക്ഷപ്രജാപതിയാകട്ടെ, സദസ്സിലുള്ളവരാൽ വേണ്ടതുപോലെ സൽക്കരിക്കപ്പെട്ടു. ബ്രഹ്മാവിനെ നമസ്കരിച്ചുകൊണ്ട് ഉചിതമായ ആസനത്തിലിരുന്നു. എന്നാൽ ശിവൻ സ്വസ്ഥാനത്തിൽ സമാധിസ്ഥനായതിനാൽ ദക്ഷനെ ശ്രദ്ധിച്ചില്ല. ദക്ഷന്റെ സഹനശക്തി നശിച്ചു. മകളുടെ ഭർത്താവെന്ന നിലയിൽപ്പോലും ബഹുമാനിച്ചില്ലല്ലോ എന്നു കരുതി ശിവനെ തിരസ്കരിക്കുകയും ശപിക്കുകയും ചെയ്തു.

പ്രജാപതികളിൽ പ്രധാനിയായ ദക്ഷൻ 'വാജപേയം' എന്ന യാഗം കഴിച്ചു. അതിൽ ശിവനേയും ശിവപക്ഷക്കാരേയും ധിക്കരിച്ചു. ഒടുവിൽ 'ബൃഹസ്പതിസവം' എന്ന യാഗം ആരംഭിച്ചു. ബ്രഹ്മർഷികളായ വസിഷ്ഠാദികളേയും, ദേവർഷികളായ നാരദാദികളേയും, ഭാര്യാസമേതരായ ഇന്ദ്രാദി ദേവന്മാരേയും യാഗത്തിൽ പങ്കെടുക്കുവാൻ വേണ്ടി ക്ഷണിച്ചു.

സതീദേവി പിതാവാരംഭിച്ച യാഗത്തേയും മഹോത്സവത്തേയും പറ്റി അറിഞ്ഞു. തനിക്കും യാഗത്തിൽ പങ്കെടുക്കണമെന്ന് ദേവി ശിവനോട് അഭ്യർത്ഥിച്ചു. ഭർത്താവ്, ഗുരു, പിതാവ് ഇവരുടെ വീട്ടിൽ നടക്കുന്ന വിശേഷങ്ങളിൽ ക്ഷണിക്കാതെ പോകുവാൻ ധർമ്മശാസ്ത്രം വിധിക്കുന്നുണ്ടല്ലോ. സ്ത്രീസുലഭമായ അവിവേകം കേട്ട് ശിവൻ ചിരിക്കുകയും സ്വപത്നിക്ക് നേരിടുവാൻ പോകുന്ന ആപത്തിനെ ആലോചിച്ച് കുണ്ഠിതപ്പെടുകയും ചെയ്തു. മരീചി മുതലായ പ്രജാപതികളുടെ സത്രത്തിലിരുന്ന നിരപരാധിയായ എന്നെ ദുർവാക്കുകൾ കൊണ്ട് അധിക്ഷേപിക്കുകയും നിന്ദിക്കുകയും ചെയ്തതിനാൽ പോകരുതെന്നും ശിവൻ മറുപടി പറഞ്ഞു.

അഭിമാനം മൂലം പിതൃഗൃഹത്തിൽ പോകണം എന്ന ഇച്ഛയെ ബലാൽക്കാരേണ നിരോധിച്ചാൽ സതിയുടെ ശരീരനാശം ഇവിടെ വച്ച് സംഭവിക്കും. ദക്ഷന്റെ അടുത്തുചെന്നാൽ തിരസ്കാരം നിമിത്തം അവിടെവച്ച് സംഭവിക്കും. എന്നാൽ ഇവിടെവച്ച് ഉണ്ടാകുന്ന പക്ഷം പിതൃഭവനത്തിലേക്ക് പുറപ്പെട്ട പുത്രിയെ നിർബന്ധിച്ച് ദേഹനാശത്തിനിടയാക്കി എന്നുള്ള പേരുദോഷം ശിവന് വന്നുചേരും. മാതാപിതാക്കളിൽ ബലമായുത്ഭവിച്ച സ്നേഹാധിക്യം നിമിത്തം സതി കണ്ണീരൊഴുക്കുകയും ദേഷ്യാധിക്യത്താൽ ന്യായാന്യായവിചാരശക്തിഹീനയായി ശിവനെ ദഹിപ്പിക്കുമോ എന്നു തോന്നുമാറ് ശിവനെ നോക്കിയിട്ട് മാതാപിതാക്കളുടെ അടുത്തേയ്ക്കു പോയി. അവിടെ അമ്മയും സഹോദരീപുത്രിമാരും സതിയെ ആദരിച്ചു. ഉത്കൃഷ്ടമായ ആസനം നല്കി. ദേവി യാഗശാലയിൽ നോക്കി. ശിവന്റെ സ്ഥാനമോ ഇരിപ്പിടമോ കണ്ടില്ല. ക്ഷണിച്ചിട്ടുമില്ല. സ്വയമേവ വന്നതുകൊണ്ട് ഉചിതമായി സ്വീകരിച്ചതുമില്ല. ദേവി തന്റെ കോപത്തെ പ്രകാശിപ്പിച്ചു. പുത്രി പിതാവിനെ ശാസിക്കുന്നത് ശരിയല്ല. അതുകൊണ്ട് ദേഹത്യാഗം ചെയ്യുവാൻ തീരുമാനിച്ചു. യജ്ഞശാലയിൽ വടക്കോട്ടു നോക്കി നിലത്തിരുന്നു. പ്രാണായാമം ചെയ്തു. പ്രാണാപാനവായുക്കളെ മുഴുവനും മണിപൂരകചക്രത്തിൽ നിലയുറപ്പിച്ചു. ഓരോ ചക്രത്തിൽക്കൂടി ഉയർത്തി സഹസ്രാരപത്മത്തിൽ എത്തിച്ചുകൊണ്ട് ▶▶

▶▶ സ്വശരീരത്തെ ഭസ്മമാക്കിയെന്ന് ശ്രീമദ്ഭാഗവതം.

എന്നാൽ 'ബൃഹദ്ധർമ്മപുരാണ'ത്തിൽ വ്യത്യാസം കാണുന്നു. ദക്ഷാലയത്തിൽ പോകരുതെന്ന് ശിവൻ നിഷേധിച്ച സമയത്ത് ദാക്ഷായണി ശിവനെ ഭസ്മീകരിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് വിറയ്ക്കുന്ന ശരീരത്തോടുകൂടി നോക്കിനിന്നു.

ഇതിനിടയിൽ മഹാക്രോധയായ സതി ദശമഹാവിദ്യാരൂപധാരിണിയായി 10 ദിക്കുകളിൽ സ്ഥിതിചെയ്തുകൊണ്ട് ശിവനെ വിഭ്രാന്തനാക്കി. ക്രോധപരവശയായ ദാക്ഷായണി മഹാഘോരരൂപിണിയായ കാളീരൂപം ധരിച്ചവളായി. ഇതുകണ്ട് ശിവൻ അവിടെനിന്നും പലായനം ചെയ്യുവാനൊരുമ്പെട്ടു. ബൃഹദ് ധർമ്മപുരാണത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട്. (ശിവദാക്ഷായണീ സംവാദം).

**തതഃ ക്രുദ്ധാ മഹാകാളീ ഘോരരൂപമകല്പയത്**
**തതോ ഭയേന ഭൂതേശഃ പലായനപരോഽഭവത്**

അനന്തരം ഭയംകൊണ്ട് ഓടാൻ തുടങ്ങുന്ന ശിവനെ കണ്ടിട്ട്, 'പേടിക്കേണ്ട, ഓടരുത് എന്നിപ്രകാരം പറഞ്ഞുകൊണ്ട് ദേവി ദശമൂർത്തിരൂപങ്ങളെ പത്തു ദിക്കുകളിൽ പ്രകാശിപ്പിച്ചു.

**മാ ഭൈഃ മാ ഭൈഃ ഇതി ഗിരാ മാ പലായ ഇത്യുവാച സാ**
**ദശമൂർത്തിർബഭൗ ദേവീ ദശദിക്ഷു ശിവേക്ഷിതാ**

അനന്തരം ദേവി പറഞ്ഞു. ഈ പത്ത് മഹാവിദ്യകളുടെ പേരുകൾ ഞാൻ പറയാം. കേട്ടുകൊൾക.

**ആസാം നാമാനി വക്ഷ്യാമി ശൃണു താനി മഹേശ്വര**
**കാളീ താരാ മഹാവിദ്യാ ഷോഡശീ ഭുവനേശ്വരീ**
**ഭൈരവീ ഛിന്നമസ്താ ച സുന്ദരീ ബഗളാമുഖീ**
**ധൂമാവതീ ച മാതംഗീ നാമാന്യന്യാനി വൈ ശിവ**

ഈ പത്ത് എണ്ണത്തിൽ അങ്ങയുടെ മുമ്പിൽ നിൽക്കുന്ന കറുത്ത ഭീമലോചനയാണ് കാളീരൂപം.

**തേ പുരതഃ കൃഷ്ണാ സ കാളീ ഭീമലോചനാ**

## 'കാളീ' പദാർത്ഥവും വ്യുത്പത്തിയും

1. കറുത്ത നിറമുള്ളതുകൊണ്ട് കാളി (കാലവർണ്ണത്വാത്). 2. യാതൊരുവൾ കാലത്തെ വിഴുങ്ങുന്നവോ അവൾ കാളി (കാലം ഗ്രസതേ യാ സാ കാളീ). 3. ത്രികാലങ്ങളെ സങ്കലനം ചെയ്യുന്നതുകൊണ്ട് കാളീ (കാലാനി സങ്കലനാത് ഇതി കാളീ). 4. കാലത്തെ നിയന്ത്രിക്കുന്ന കാളി സാധകന്മാർക്ക് തത്ത്വജ്ഞാനത്തെ പ്രകർഷേണ ദാ

നം ചെയ്യുന്നവെന്ന് 'കാളീതന്ത്രം'. (കാലനിയന്ത്രണാത് കാളീ, തത്ത്വജ്ഞാനപ്രദായിനീ സാധകായ തത്ത്വജ്ഞാനം പ്രദദാതി ഇതി കാളീ). 5. മഹാകാളനെ (ശിവനെ) നിയന്ത്രിക്കുന്നതുകൊണ്ട് കാളി എന്ന പേര് പ്രസിദ്ധമായി. (മഹാകാളനിയന്തൃത്വാത് കാളീതി നാമ്നാ പ്രസിദ്ധാ).

### കാളീധ്യാനവും അർത്ഥവും

**കാളീം മേഘസമപ്രഭാം ത്രിനയനാം വേതാളകണ്ഠസ്ഥിതാം**
**ഖഡ്ഗം ഖേടകപാലദാരികശിരഃ കൃത്വാ കരാഗ്രേഷു ച**
**ഭൂതപ്രേതപിശാചമാതൃസഹിതാം മുണ്ഡസ്രജാലംകൃതാം**
**വന്ദേ ദുഷ്ടമസൂരികാദിവിപദാം സംഹാരിണീമീശ്വരീം**

അർത്ഥം – മേഘത്തിന്റെ നിറംപോലെ കറുത്തവളും, മൂന്നു കണ്ണുകളുള്ളവളും വേതാളത്തിന്റെ കഴുത്തിൽ ഇരിക്കുന്നവളും വാള്, പരിച, കപാലം, ദാരികശിരസ്സ് എന്നിവ കൈകളിൽ ധരിച്ചിരിക്കുന്നവളും, ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുക്കൾ, മാതൃക്കൾ എന്നിവ പരിവാരങ്ങളായുള്ളവളും തലയോട്ടുകൾക്കൊണ്ട് കോർത്ത മാലയണിഞ്ഞവളും വളരെ ദോഷം ചെയ്യുന്ന മസൂരി മുതലായ ആപത്തുകളെ നശിപ്പിക്കുന്നവളും, ഈശ്വരിയുമായ കാളിയെ ഞാൻ വന്ദിക്കുന്നു.

### ദശമഹാവിദ്യാ – സ്വഭാവവും പ്രയോജനവും

ഈ മഹാവിദ്യകൾ സാധകന്മാർക്ക് ചതുർവർഗ്ഗഫലങ്ങളെ ദാനം ചെയ്യുവാൻ സമർത്ഥകളാകുന്നു.

ഈ പത്ത് മഹാവിദ്യാസ്വരൂപിണികളായ ദേവിമാർ എല്ലാ മൂർത്തികളിലും വച്ച് ശ്രേഷ്ഠങ്ങളും ശീഘ്രഫലദായിനികളുമാകുന്നു. ഇവർ സാധകന്മാർക്ക് സർവ്വാഭീഷ്ടങ്ങളും ദാനം ചെയ്യുന്നു. എന്റെ ഈ മൂർത്തികളെ രഹസ്യഭാവേന സാധകന്മാർ പൂജിച്ചുകൊള്ളണം എന്നു ദേവി പറയുന്നു.

**'ഇമാ സർവ്വാഃ ഗോപനീയാഃ ന പ്രകാശ്യാ കദാചന'**

'മുണ്ഡമാലാതന്ത്ര'ത്തിൽ ശിവൻ ദേവിയോട് ദശമഹാവിദ്യയുടെ മഹത്ത്വം ഇപ്രകാരം പറയുന്നുണ്ട്. ഈ വിദ്യകളുടെ മന്ത്രഗ്രഹണത്തിൽ നക്ഷത്രതിഥ്യാദി മുഹൂർത്തവിഷയമോ കാലദേശവിഷയമോ ബാധിക്കുന്നില്ല. 'കലൗ സംഖ്യാ ചതുർഗുണാ' എന്ന ശാസ്ത്രവാക്യം ഇവിടെ പ്രായോഗിമാക്കേണ്ടതില്ല. (കലിയുഗത്തിൽ ജപപൂജാദി കാര്യങ്ങൾ നാല് പ്രാവശ്യം ചെയ്താലേ ഫലമുള്ളൂ എന്ന് ആപ്തവചനം).

അല്ലയോ മഹാദേവ! സാധകന്മാരുടെ ഹിതത്തിനായിക്കൊണ്ട് ഈ പത്ത് മഹാവിദ്യകളുടേയും മന്ത്രം, യന്ത്രം, പൂജ, ഹോമം, പുരശ്ചര്യാ, സ്തോത്ര, കവചാചാരനിയമങ്ങൾ - മുഴുവനും അങ്ങയാൽ ചെയ്യപ്പെടണം (അങ്ങ് നിർദ്ദേശിക്കണം). അത് ആഗമശാസ്ത്രം എന്ന പേരിൽ പ്രസിദ്ധി നേടും. (ദശമഹാവിദ്യകളുടെ മന്ത്രഗ്രഹണനിയമങ്ങൾ എന്നാൽ രചിക്കപ്പെട്ട താരാർച്ചനതന്ത്രം എന്ന ഗ്രന്ഥത്തിൽ ഞാൻ വിശദീകരിച്ചിട്ടുണ്ട്).

അല്ലയോ നാഥ! അങ്ങ് ആഗമത്തിന്റെ കർത്താവും ഹരി വേദകർത്താവുമാകുന്നു. ആഗമവും വേദവും എന്റെ രണ്ട് കയ്യുകളാകുന്നു. ഈ രണ്ട് കൈകൾകൊണ്ട് സ്ഥാവര, ജംഗമ, ജഗത്ത് മുഴുവനും ഞാൻ ധരിക്കുന്നു.

**ആഗമസ്യ ഭവാൻ കർത്താ വേദകർത്താ സ്വയം ഹരിഃ**
**ആഗമശ്ചൈവ വേദശ്ച ദ്വൗ ബാഹൂ മമ ശങ്കര!**
**താഭ്യാമേവ ധൃതം സർവ്വം ജഗത് സ്ഥാവരജംഗമം**

മൂഢബുദ്ധിയായ ഒരാൾ മോഹം ഹേതുവായി വേദാഗമങ്ങളെ പരിത്യജിച്ച് തന്നിഷ്ടപ്രകാരം ജീവിക്കുന്നുവോ അവൻ എന്റെ കൈയിൽനിന്നും താഴെ വീണുപോകുന്നു. അവനെ രക്ഷിക്കുവാൻ എനിക്ക് സാധിക്കില്ല. (അതുകൊണ്ട് സത്യധർമ്മങ്ങൾ അനുസരിച്ച് എല്ലാവരും ജീവിച്ചുകൊള്ളണം).

**യശ്ചാഗമം വാ വേദം വാ സമുല്ലംഘ്യാ/ഥ സോ ഭജേത്**
**തമുദ്ധർത്തുമശക്താ/ഹം സത്യമേവ മഹേശ്വര!**

വേദവും ആഗമവും ശ്രേയസ്സിന് കാരണങ്ങളാകുന്നു. അവ പണ്ഡിതന്മാർക്കുപോലും അർത്ഥം മനസ്സിലാക്കുവാൻ പ്രയാസമുള്ളവയാണ്. ഉത്തമനായ സാധകൻ രണ്ടിന്റേയും ഐക്യം വേർതിരിച്ച് അറിഞ്ഞ് ധർമ്മം ആചരിച്ചുകൊള്ളണം. ജ്ഞാനികൾ ഇവയുടെ ഭേദഭാവത്തെ ചെയ്യരുത്.

**വിവിച്യൈവാനയോരൈക്യം മതിമാൻ ധർമ്മമാചരേത്**
**കദാചിദപി മോഹേന ഭേദയൻ ന വിചക്ഷണഃ**

പറയപ്പെട്ട ദശമഹാവിദ്യകളുടെ സാധക സമ്പ്രദായങ്ങൾ സഭാമദ്ധ്യത്തിൽ വൈഷ്ണവരെപ്പോലെ പാലിച്ചുകൊള്ളണം.

**ആസാം യേ സാധകാസ്തേ തു സഭായാം വൈഷ്ണവാ ഇവ**

സാധകന്മാർ ആന്തരികമായി ശാക്തേയ സമ്പ്രദായത്തിലും, ബാഹ്യമായി ശൈവസമ്പ്രദായത്തിലും, സഭാമദ്ധ്യത്തിൽ വൈഷ്ണ

വസമ്പ്രദായത്തിലുമാണ് ആചാരങ്ങൾ അനുഷ്ഠിക്കേണ്ടത് എന്ന് തന്ത്രശാസ്ത്രം ഉദ്ഘോഷിക്കുന്നു.

**(അന്തഃ ശാക്തഃ ബഹിഃ ശൈവഃ സഭാമദ്ധ്യേ തു വൈഷ്ണവഃ)**

ഗുരുക്കന്മാർ നൽകുന്ന മന്ത്ര-യന്ത്ര-സ്തവ-കവചങ്ങൾ രഹസ്യ ഭാവത്തിൽ സൂക്ഷിക്കേണ്ടതും രക്ഷിക്കേണ്ടതുമാകുന്നു. ഒരാളോട് വാത്സല്യം ഉള്ളതുകൊണ്ടോ അഥവാ സഭാമദ്ധ്യത്തിലോ അവ പ്രകാശിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു. അങ്ങനെ പ്രകാശിപ്പിക്കുന്നവർക്ക് സിദ്ധിഹാനിയും അശുഭവും സംഭവിക്കുമെന്നും അതുകൊണ്ട് ഉത്തമസാധകന്മാർ എല്ലാ പ്രയത്നംകൊണ്ടും അവയെ രഹസ്യഭാവേന സംരക്ഷിക്കണമെന്നും ദേവി അന്ന് ശിവനോടു പറയുകയുണ്ടായി.

**മന്ത്രോ യന്ത്രം ച കവചം**
**ദത്തം യത് ഗുരുണാ സ്വയം**
**ഗോപനീയം പ്രയത്നേന**
**തത് പ്രകാശ്യം ന കുത്രചിത്**
**പ്രകാശാത് സിദ്ധിഹാനിഃ സ്യാത്**
**പ്രകാശാത് അശുഭം ഭവേത്**
**തസ്മാത് സർവ്വപ്രയത്നേന**
**ഗോപയേത് സാധകോത്തമഃ**
**ഇതി തേ കഥിതം തത്ത്വം**
**മഹാദേവ മഹാമതേ!**

ഞാൻ അങ്ങയുടെ പത്നിയും അങ്ങ് എന്റെ പ്രിയതമനായ ഭർത്താവുമാകുന്നു. എന്റെ പിതാവിന്റെ അഹങ്കാരം നശിപ്പിക്കുവാൻ വേണ്ടി ഇപ്പോൾ ഞാൻ പോകുന്നു. അങ്ങ് എന്റെ കൂടെ വരുന്നില്ലെങ്കിൽ എനിക്ക് പോകുവാൻ സമ്മതം നല്കിയാലും

**അഹം തവ പ്രിയതമാ ത്വം ച മേ/തിപ്രിയഃ പതിഃ**
**പിതുഃ പ്രജാപതേഃ ദർപ്പനാശായാദ്യ വ്രജാമ്യഹം**
**ത്വം ആജ്ഞാപയ ദേവേശ ത്വം ന ഗച്ഛസി ചേത് യദി**

അപ്പോൾ പരമശിവൻ പറയുന്നു. അല്ലയോ പരമേശാനി, പൂർണ്ണയും, പരമയുമായ പ്രകൃതിയാണ് ദേവി എന്ന് ഞാനറിയുന്നു. എന്റെ മോഹം ഹേതുവായി ദേവിയുടെ മഹത്ത്വം അറിയാതെ ഞാൻ എന്തെങ്കിലും പറഞ്ഞെങ്കിൽ ക്ഷമിക്കുക.

▶▶ ശിവ ഉവാച-

**ജാനേ ത്വാം പരമേശാനി! പൂർണ്ണാം പ്രകൃതിമുത്തമാം**
**അജ്ഞാനതാ മഹാമോഹത് യദുക്തം ക്ഷന്തുമർഹസി**
**ത്വമാദ്യാ പരമാ വിദ്യാ സർവ്വഭൂതേഷ്വവസ്ഥിതാ**
**സ്വതന്ത്രാ പരമാ ശക്തിഃ കസ്തേ വിധിനിഷേധകഃ**

അല്ലയോ ശിവേ! ദക്ഷയജ്ഞനാശത്തിനായി ദേവി പോകുന്നു വെങ്കിൽ അത് നിഷേധിക്കുവാൻ ഞാൻ അശക്തനാണ്. ദേവിയുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. ബുദ്ധിഭ്രമംകൊണ്ട് ഞാനെന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ പത്നീഭാവേന ക്ഷമിച്ചാലും.

**യച്ചോക്തം മതിമോഹേന മത്വാ//ത്മാനം പതിം തവ**
**തത് ക്ഷമസ്വ മഹേശാനി യഥാരുചിസ്തഥാ കുരു.**

## ഭദ്രകാള്യുത്പത്തി

അതിനുശേഷം സതീദേവി സ്വശരീരത്തിൽനിന്നും ഛായാസതിയെ ഉത്പാദിപ്പിച്ചിട്ട് ആ ശരീരത്തിൽനിന്നും ചിത്കലയെ യോഗാവലംബനപൂർവ്വകമായി യാഗാഗ്നിയിൽ പ്രവേശിപ്പിച്ചു. സതീദേഹത്യാഗം കേട്ട ശങ്കരൻ ആ സമയത്ത് അതികാതരനായി മഹാക്രോധത്തോടുകൂടി രുദ്രമൂർത്തിയായി മാറി. അനന്തരം ദക്ഷയജ്ഞവിനാശത്തിനായി രുദ്രകോപാഗ്നിയിൽനിന്നും വീരഭദ്രനും സതിയുടെ ക്രോധാഗ്നിയിൽനിന്നും ഭദ്രകാളിയും ഉത്പന്നരായി. അനന്തരം ശിവന്റെ ആജ്ഞപ്രകാരം ഭദ്രകാളി, കോടികോടി യോഗിനീപരിവൃതയായി വീരഭദ്രസഹായത്താൽ ദക്ഷയജ്ഞധ്വംസനം ചെയ്തു.

**പുരാഷ്ടമ്യാം ഭദ്രകാളീ ദക്ഷയജ്ഞവിനാശിനീ**
**പ്രാദുർഭൂതാ മഹാഘോരാ യോഗിനീകോടിഭിസ്സഹ**

(ദേവീഭാഗവതം)

ഇതുകൂടാതെ പല ഗ്രന്ഥങ്ങളിലും ഭദ്രകാളിയുടെ ഉത്പത്തി പറയുന്നുണ്ട്. 'ഭദ്രകാളീമാഹാത്മ്യ'ത്തിൽ ദാരികജിത്തായും 'ശിവപുരാണ'ത്തിൽ ദക്ഷജിത്തായും 'വരാഹപുരാണ'ത്തിൽ രുരുജിത്തായും 'കാളികാപുരാണ'ത്തിൽ മഹിഷജിത്തായും 'അത്ഭുതരാമായണ' ത്തിൽ സഹസ്രമുഖരാവണനെ കൊല്ലുന്ന രാവണജിത്തായും ഭദ്രകാളീപ്രാധാന്യം കാണുന്നുണ്ട്.

## സതീദേഹസംഭൂതപീഠരഹസ്യം

സതീദേവി ദേഹത്യാഗം ചെയ്തപ്പോൾ ബ്രഹ്മാവും വിഷ്ണുവും ശിവനെ സമാധാനിപ്പിക്കുകയും അവർ ദേവിയെ സ്തുതിക്കുകയും ചെയ്തു.

സ്തുതിയിൽ സന്തോഷിച്ച ദേവി ആകാശത്തിൽ ദർശനം കൊടുത്തു കൊണ്ട് പറഞ്ഞു : ഹേ ശംഭോ! എന്നെ ലഭിക്കണമെങ്കിൽ ഉപായം പറഞ്ഞുതരാം. യാഗാഗ്നിയിൽ പ്രവേശിച്ച എന്റെ ഛായാദേഹത്തെ ശിരസ്സിലേറ്റിക്കൊണ്ട് ഭൂമിയിൽ ചുറ്റിക്കറങ്ങുക. ഓരോ ശരീരാവയവും എവിടെയെവിടെ പതിക്കുന്നുവോ അവിടെയവിടെ ഓരോ മഹാപീഠം രൂപം കൊള്ളും. എന്റെ യോനീഭാഗം പതിക്കുന്ന സ്ഥലത്തിരുന്ന് അങ്ങ് തപസ്സുചെയ്താൽ വീണ്ടും എന്നെ അങ്ങേയ്ക്ക് ലഭിക്കും. ഇപ്രകാരം മഹാദേവനെ സമാശ്വസിപ്പിച്ചിട്ട് ദേവി അപ്രത്യക്ഷയായി.

**യോനിഃ പതിഷ്യതി യത്ര തത്ര പീഠോത്തമം പരം**
**തത്ര സ്ഥിത്വാ തപസ്തപ്ത്വാ പുനർമാം പ്രതിലപ്സ്യസേ**
**ഇത്യുക്ത്വാ സാ മഹാദേവം സമാശ്വാസ്യ പുനഃ പുനഃ**
**ബഭൂവാന്തർഹിതാ സദ്യഃ സഹസാ മുനിപുംഗവ!**

ശിവൻ ഛായാസതീദേഹത്തെ ശിരസ്സിൽ ധരിച്ചുകൊണ്ട് സന്തോഷത്തോടുകൂടി ഭൂമിയിൽ താണ്ഡവനൃത്തമാടി, ഇന്ദ്രാദിദേവന്മാർ ആകാശത്തുനിന്നും പുഷ്പവൃഷ്ടി നടത്തി. ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്നവിധം നൃത്തമാടിയെന്ന് ശ്രീമദ്ഭാഗവതത്തിൽ പ്രസ്താവമുണ്ട്.

**നനർത്ത ചരണാഘാതൈഃ കമ്പയൻ ധരണീതലം'**

അനന്തരം വിഷ്ണുഭഗവാൻ സുദർശനചക്രംകൊണ്ട് സതിയുടെ ശവശരീരം 51 കഷണങ്ങളാക്കി ഭൂമിയിൽ പതിപ്പിച്ചു. ഓരോ സ്ഥലത്തും ഓരോ പീഠം വീതം ഉണ്ടായി. ഇതിൽവച്ച് ഏറ്റവും പ്രധാനപ്പെട്ട മഹാപീഠം കാമരൂപപീഠം അഥവാ കാമപീഠമാകുന്നു. ഇവിടെ ദേവിയുടെ പൂർണ്ണമായ ചൈതന്യം സ്ഥിതിചെയ്യുന്നു. ഇപ്രകാരം ഭാരതഭൂമി ചൈതന്യവത്തായി ഭവിച്ചു എന്നാണ് സങ്കല്പം.

**അംഗപ്രത്യംഗപാതേന ഛായാസത്യാ മഹീതലേ**
**തേഷു ശ്രേഷ്ഠതമഃ പീഠഃ കാമരൂപോ മഹാമതേ!**
**യത്ര സാക്ഷാത് ഭഗവതീ സ്വയമേവ വ്യവസ്ഥിതാ**

## പീഠസംഖ്യാനിരൂപണം

എത്ര പീഠങ്ങൾ ഉണ്ടായി എന്നതിന് പുരാണങ്ങളിലും തന്ത്രഗ്രന്ഥങ്ങളിലും മതഭേദം കാണുന്നുണ്ട്. മത്സ്യപുരാണത്തിലും സ്കന്ദപുരാണത്തിലും 98 പീഠങ്ങൾ എന്നു കാണുന്നു. ദേവീഭാഗവതത്തിൽ 108 സംഖ്യയെന്ന് പ്രതിപാദ്യമുണ്ട്. കാളികപുരാണത്തിൽ സംഖ്യയും ദേഹം പതിച്ച സ്ഥലങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ ▶▶

▸▸ ദ്യമായി ദേവിയുടെ പാദങ്ങൾ ദേവീകൂടം എന്ന സ്ഥലത്ത് പതിച്ചു. തുടകൾ ഉഡ്ഡിയാനം എന്ന സ്ഥലത്തും യോനിമണ്ഡലം കാമഗിരി എന്ന പർവ്വതത്തിൽ കാമരൂപം എന്ന സ്ഥലത്തും നാഭിമണ്ഡലം അതിന്റെ കിഴക്കുഭാഗത്തും സ്വർണ്ണഹാരഭൂഷിതമായ മാറിടങ്ങൾ ജാലന്ധരത്തിലും (ഇന്നത്തെ ജലന്ധർ) പതിച്ചു.

**ദേവീകൂടേ പാദയുഗ്മം പ്രഥമം ന്യപതത്തുവൗ**
**ഉഡ്ഡിയാനേ ചോരുയുഗ്മം ഹിതായ ജഗതാം തതഃ**
**കാമരൂപ കാമഗിരൗ ന്യപതത് യോനിമണ്ഡലം**
**തത്രൈവ ന്യപതത് ഭൂമൗ പർവ്വതോ നാഭിമണ്ഡലം**
**ജാലന്ധരേ സ്തനയുഗ്മം സ്വർണ്ണഹാരവിഭൂഷിതം.**

ഏത് പീഠത്തിൽ ദേവി ഏതുപേരിൽ വസിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ദേവീകൂടത്തിൽ മഹാഭാഗാ എന്ന പേരിലും ഉഡ്ഡിയാനത്തിൽ കാത്യായനിയായും കാമാഖ്യാ എന്ന സ്ഥലത്ത് കാമരൂപിണീ സങ്കല്പത്തിലും പൂർണ്ണഗിരിയിൽ പൂർണ്ണേശ്വരിയായും ജാലന്ധരത്തിൽ ചണ്ഡികയായും വസിക്കുന്നു.

**ദേവീകൂടേ മഹാദേവീ മഹാഭാഗേതി ഗീയതേ**
**കാത്യായനീ ചോഡ്ഡിയാനേ കാമാഖ്യാ കാമരൂപിണീ**
**പൂർണ്ണേശ്വരീ പൂർണ്ണഗിരൗ ചണ്ഡീ ജാലന്ധരേ ഗിരൗ**

ജ്ഞാനാർണ്ണവതന്ത്രത്തിൽ പീഠസംഖ്യ 50 ആയി വർണ്ണിച്ചിരിക്കുന്നു. 'രുദ്രയാമള'ത്തിൽ പ്രധാനപ്പെട്ടവ 10 ആക്കി പ്രസ്താവമുണ്ട്.

(കാമരൂപഃ, ജാലന്ധരഃ, പൂർണ്ണഗിരിഃ, ഉഡ്ഡിയാനഃ, വാരണാസി, ജ്വാലാമുഖി, മായാവതി, മഥുരാ, അയോദ്ധ്യാ, കാഞ്ചി). 'കുബ്ജികാതന്ത്ര'ത്തിൽ 42 പീഠങ്ങളുടെ സംഖ്യ പറയുന്നു. 'തന്ത്രചൂഡാമണി'യിൽ 51 പീഠങ്ങൾ കാണപ്പെടുന്നു. 'ശിവചരിത'ത്തിൽ 77 പീഠസ്ഥാനങ്ങളെ വർണ്ണിച്ചതിൽ 51 മഹാപീഠങ്ങളേയും ബാക്കി 26 ഉപപീഠങ്ങളേയും വിസ്തരിക്കുന്നു.

'യോഗിനീതന്ത്ര'ത്തിൽ പീഠശക്തിഭൈരവന്മാരുടെ പേരുകൾ പ്രത്യേകം പറയപ്പെട്ടിട്ടുണ്ട്.

മഹാവിഷ്ണു സുദർശനചക്രംകൊണ്ട് ഭാരതഭൂമിയിൽ എവിടെയെല്ലാം ദേവിയുടെ അംഗപ്രത്യംഗങ്ങൾ പതിപ്പിച്ചുവോ അവിടെയെല്ലാം ജഗദ്ധാത്രിയും ബ്രഹ്മസ്വരൂപിണിയുമായ ദേവി ഭക്തന്മാർക്ക് മുക്തി കൊടുക്കുവാനും സാധകന്മാർക്ക് ഹിതം നൽകുവാനുമായി ശിലാരൂപത്തിൽ വിഹരിക്കുന്നു. അവിടെയെല്ലാംതന്നെ കരുണാ

നിധീശ്വരനായ പരമശിവൻ, നാനാരൂപത്തിലുള്ള ഭൈരവസങ്കല്പ ത്തിൽ സാധകന്മാരുടെ രക്ഷയ്ക്കായും ജഗത്ഹിതത്തിനായും സ്വയം ദേവിയെ ഉപാസിച്ചുകൊണ്ട് വർത്തിക്കുന്നു.

**യത്ര യത്ര മഹാദേവ്യാഃ അംഗപ്രത്യംഗപാതനം**
**മഹാവിഷ്ണുശ്ചക്രപാണിശ്ചകാര ധരണീതലേ**
**തത്ര തത്ര ജഗദ്ധാത്രീ ബ്രഹ്മജ്യോതിഃസ്വരൂപിണീ**
**പാഷാണരൂപമാസ്ഥായ ഭക്താനാം മുക്തിഹേതവേ**
**സാധകനാം ച ഹിതാർത്ഥം നിത്യം വിഹരതി ക്ഷിതൗ**
**തത്രൈവ ഭൈരവഃ ശംഭുഃ നാനാരൂപധരഃ സ്ഥിതഃ**
**രക്ഷാർത്ഥം സാധകാനാം ച ഹിതായ ജഗതാമപി**
**ഉപാസതേ സ്വയം ദേവീം കരുണാനിധിരീശ്വരഃ**

ഇത്രയും പ്രാധാന്യമുള്ള ഭാരതഭൂമിയിൽ ഒരു ജന്മം ലഭിക്കണ മെങ്കിൽ മറ്റു രാജ്യങ്ങളിൽ 100 ജന്മം കഴിഞ്ഞാൽ മാത്രമേ സാധിക്കൂ എന്ന് ബ്രഹ്മവൈവർത്ത പുരാണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**'ശതജന്മ തപഃ കൃത്വാ ജന്മേദം ഭാരതേ ലഭേത്'**

ജംബുദ്വീപിൽ ഉൾപ്പെട്ടിട്ടുള്ള ഈ ഭാരതഭൂമിയിൽ ദൈവീകമാ യ ചൈതന്യം പ്രസരിക്കുന്നതുകൊണ്ട് ഇതിനെ കർമ്മഭൂമിയായും മറ്റു രാജ്യങ്ങളെ ഭോഗഭൂമിയായും അംഗീകരിക്കുന്നുവെന്ന് വിഷ്ണു പു രാണമുദ്ഘോഷിക്കുന്നു.

**തത്രാ/പി ഭാരതം ശ്രേഷ്ഠം ജംബൂദീപേ മഹാമുനേ!**
**യതോ ഹി കർമ്മഭൂരേഷാ താതോ/ന്യാ ഭോഗഭൂമയഃ**

ഈ കാരണത്താൽ തന്നെയാണ് ഏഴ് തരം ഋഷീശ്വരന്മാർ (ബ്രഹ്മർഷി-ദേവർഷി-മഹർഷി-പരമർഷി-കാണ്ഡർഷി-ശ്രുതർഷി -രാജർഷി എന്നിവർ) ഭാരതഭൂമിയിൽ ജനിച്ചതും അവർ തപസ്സുചെ യ്യുവാൻ വേണ്ടി ഭാരതഭൂമിയെത്തന്നെ ആശ്രയിച്ചതും.

**ഹിമാലയാദാസമുദ്രം പുണ്യക്ഷേത്രം ച ഭാരതം**
**ശ്രേഷ്ഠം സർവ്വസ്ഥലാനാം ച മുനീനാം ച**
**തപഃസ്ഥലം. (ബ്ര.വൈ.പുരാണം ശ്രീകൃഷ്ണജന്മഖണ്ഡം)**

ഇത്ര മഹത്ത്വവും പ്രാധാന്യവുമുള്ള കർമ്മഭൂമിയിൽ ജനിക്കാ തെ (ഭാരതഭൂമി സ്പർശിക്കാതെ) ബ്രഹ്മലോകത്തുള്ളവർക്കുപോലും കർമ്മബീജത്തെ വരട്ടിക്കളഞ്ഞ് ജന്മനാശം വരുത്തുവാൻ സാധിക്കു കയില്ല എന്ന് പൂന്താനം നമ്മെ ഉദ്ബോധിപ്പിച്ചത് ഇപ്രകാരമാണ്.

**ലവണാംബുധിമദ്ധ്യേ വിളങ്ങുന്ന**

▸▸

**ജംബുദ്വീപൊരു യോജനലക്ഷ്യവും**
**സപ്തദ്വീപുകളുള്ളതിലെത്രയും**
**ഉത്തമമിസ്ഥലമെന്നു വാഴ്ത്തുന്നു**
**ഭൂപത്മത്തിനു കർണ്ണികയായിട്ടു**
**ഭൂധരേന്ദ്രനിതിലല്ലോ നിൽക്കുന്നു**
**ഇതിലൊമ്പതു ഖണ്ഡങ്ങളുണ്ടല്ലോ**
**അതിലുത്തമം ഭാരതഭൂതലം**
**സമ്മതരായ മാമുനിശ്രേഷ്ഠന്മാർ**
**കർമ്മക്ഷേത്രമെന്നല്ലോ പറയുന്നു**
**കർമ്മബീജമിതിന്നു മുളയ്ക്കേണ്ടു**
**ബ്രഹ്മലോകത്തിരിക്കുന്നവർകൾക്കും**
**കർമ്മബീജം വരട്ടിക്കളഞ്ഞുടൻ**
**ജന്മനാശം വരുത്തേണമെങ്കിലും**
**ഭാരതമായ ഖണ്ഡമൊഴിഞ്ഞുള്ള**
**പാരിലെങ്ങുമെളുതല്ല നിർണ്ണയം.**

## ഔഷധസസ്യങ്ങൾ – 6

# കുരുമുളക്

ഉണ്ണികൃഷ്ണൻ കിഴുത്താനി

ഇപ്രാവശ്യം ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത് കൈരളീമുദ്ര ആഴത്തിൽ പതിഞ്ഞുകിടക്കുന്ന 'കുരുമുളകി'നെയാണ്. വിദേശികളെ ഇങ്ങോട്ടാകർഷിച്ചതിൽ ഈ സുഗന്ധദ്രവ്യത്തിന്റെ സ്വാധീനം എടുത്തുപറയേണ്ടതാണ്. 'ത്രികടു' വിഭാഗത്തിൽപ്പെടുന്നതാണിത്. ആരോഗ്യമുള്ള ഒരുമുളകുവള്ളിനട്ട് നൂറു വർഷത്തോളമെങ്കിലും ഫലം നൽകുമെന്ന് നിഘണ്ടുകളിലും, സംഹിതകളിലും മറ്റും വ്യക്തമാക്കിയിട്ടുണ്ട്.

കുരുമുളകിൽ 'പിപ്പെറിൻ', 'പിപ്പസൈറിൻ' തുടങ്ങിയ അമൂല്യവസ്തുക്കൾ അടങ്ങിയിട്ടുണ്ട്. ഇതിൽനിന്ന് 'ഓയിൽ ഓഫ് പെപ്പർ' എന്ന വ്യാവസായിക പ്രാധാന്യമുള്ള തൈലം ഉല്പാദിപ്പിക്കുന്നു. മധുരതീക്ഷ്ണഗുണമുള്ളതും ഉഷ്ണവീര്യവുമായതുകൊണ്ട് വാതത്തേയും ഖരരൂക്ഷതീക്ഷ്ണമായതുകൊണ്ട് കഫത്തേയും ശമിപ്പിക്കുന്നു. അതുകൊണ്ടുതന്നെ വാത-കഫജന്യ വികാരങ്ങളിൽ പ്രധാനശമനൗഷ

ധമാണ്. ഛരിത്രം, കാമില മുതലായ രോഗങ്ങൾക്ക് കുരുമുളകു ചൂർണ്ണം അരച്ചു ചേർത്തതൈലം ബാഹ്യലേപനമായി പ്രയോജനപ്പെടുത്താറുണ്ട്. ദൈവവ്യാപാശ്രയചികിത്സയിലും കുരുമുളകിന്റെ പ്രാധാന്യം വേണ്ടത്ര മനസ്സിലാക്കിയവരാണ് നാം.

അഗ്നിമാന്ദ്യം, അജീർണ്ണം എന്നിവയ്ക്ക് കൈകണ്ട ഔഷധമാണ്. കാസം, ശ്വാസതടസ്സം, മൂത്രകൃച്ഛ്രം, രജോരോധം, കുഷ്ഠം എന്നിവയ്ക്കും ശമനൗഷധമായി ഉപയോഗിക്കുന്നു. കുരുമുളക്, പ്രധാനചേരുവയായ ഔഷധങ്ങളാണ് ഗുൽഗുലു മരീചാദിതൈലം, മരീചാദി ഗുളിക, മരീചാദി ചൂർണ്ണം തുടങ്ങിയവ. പൗരാണിക ആധികാരികഗ്രന്ഥങ്ങളിൽപ്പോലും കുരുമുളകിന്റെ പ്രാഭവത്തെപ്പറ്റി പരാമർശങ്ങൾ കാണാം. ശരീരത്തിൽ കടന്നുകൂടിയ ചില ബാധകൾ അകറ്റാനും മറ്റും ഇത് അവശ്യം ആവശ്യമായ വസ്തുവാണ്. ദുർമന്ത്രവാദികളും ഇതു ധാരാളമായി ഉപയോഗിക്കുന്നു. ഹൈന്ദവ-ക്രിസ്ത്യൻ-മുസ്ലീം ദേവാലയങ്ങളിലെല്ലാം ഒരുപോലെ പ്രാധാനമുള്ള വസ്തുകൂടിയാണ് കുരുമുളക്. സസ്യാഹാരികളും സസ്യേതരാഹാരികളും ഒരുപോലെ കറികൾക്ക് രുചിയും ഹരവും വർദ്ധിപ്പിക്കാനായി കുരുമുളകിനെ കൂട്ടുപിടിക്കാറുണ്ട്. കേരളീയ സദ്യകളിലെ കുറുക്കു കാളനിലും രസത്തിലും കുരുമുളകിന്റെ കരവിരുത് പ്രത്യേകം തെളിഞ്ഞു കാണാം. ഇത്രമാത്രം രോഗപ്രതിരോധശക്തിയുള്ള കുരുമുളകിനെ കേരളീയർ വേണ്ടത്ര പരിഗണിക്കുന്നുണ്ടോ എന്നാണ് സംശയം.

# കർണ്ണാടക സംഗീതം

പറവൂർ ജ്യോതിസ്സ്

(മുൻ ലക്കത്തിലെ 'സംഗീതശാസ്ത്രമഹത്ത്വം' എന്ന പറവൂർ ജ്യോതിസ്സിന്റെ ലേഖനത്തിന്റെ തുടർച്ച)

1484-ൽ പുരന്ദരദാസൻ (കർണ്ണാടകസംഗീതത്തിന്റെ പിതാവ് അഥവാ ആദിഗുരു) സംഗീതാഭ്യസനത്തിന് ഒരു പദ്ധതി ആവിഷ്കരിച്ചു. ഇദ്ദേഹം ചിട്ടപ്പെടുത്തിയ ദക്ഷിണേന്ത്യൻ സംഗീതത്തിന് കൂടുതൽ യൗവ്വനവും ഓജസ്സും നൽകിയത്, പ്രധാനമായും മൂന്നു പേരായിരുന്നു. തമിഴ്നാട്ടിൽ തഞ്ചാവൂർ ജില്ലയിൽ തിരുവാരൂർ എന്ന സ്ഥലത്ത് 1763-ൽ ശ്യാമശാസ്ത്രികളും നാലു വർഷത്തിനുശേഷം ത്യാഗരാജസ്വാമികളും പിന്നീട് എട്ടുവർഷത്തിനുശേഷം മുത്തുസ്വാമിദീക്ഷിതരും സംജാതരായി, ഈ കാലഘട്ടത്തിൽത്തന്നെ ജർമ്മനി ▸▸

യിൽ ബിഥോവൻ, മൊസാർട്ട്, ബാറ്റ്സ് എന്നിവർ ജനിച്ചു. അതു കൊണ്ട് പതിനെട്ടാം നൂറ്റാണ്ട് സംഗീതത്തിന്റെ സുവർണ്ണ കാലഘട്ടമായി കണക്കാക്കുന്നു.

സംഗീതം, സാഹിത്യം, ശാസ്ത്രം, ഭക്തി എന്നിവ മൂന്നുപേരുടെയും പൊതുവായ ഗുണങ്ങൾ ആണെങ്കിലും മൂന്നു പേരുടെയും സൃഷ്ടികൾ മൂന്നുതരത്തിൽ ആസ്വാദ്യകരങ്ങളായിരുന്നു.

1. **ശ്യാമശാസ്ത്രി : ഒരു പണ്ഡിതനായ ഭക്ത**ന്റെ ഭാഷയിൽ ദേവി കാമാക്ഷിയെക്കുറിച്ച് പാടി. കൃതികൾക്ക് താളപ്രാധാന്യം. കദളിപ്പഴസമാനം. 250-ഓളം കൃതികൾ. ശിഷ്യസമ്പത്തില്ല. അതുകൊണ്ട് കൃതികൾക്ക് പ്രചാരം കുറവ്. ഗണപതികൃതി ഒന്നും പാടിയില്ല. കൂടുതൽ കൃതികളും ആഹരി രാഗത്തിൽ.

2. **മുത്തുസ്വാമി ദീക്ഷിതർ : അസാമാന്യപണ്ഡിതൻ. (തന്ത്രം,** മന്ത്രം, വ്യാകരണം, ജ്യോതിശ്ശാസ്ത്രം). ക്ഷേത്രങ്ങളേയും ദേവതമാരേയും കുറിച്ച് പാടി. രാഗപ്രാധാന്യം. നാളികേരപാകം. 500-ൽപരം കൃതികൾ. 490-ഉം സംസ്കൃതഭാഷയിൽ.

3. **ത്യാഗരാജ സ്വാമികൾ : ലളിതവും ആയാസരഹിതവും** സംഗീതമയവുമായ ഭാഷയിൽ തത്ത്വങ്ങളേയും ആദർശങ്ങളേയും കുറിച്ചു പാടി. ഭാവപ്രാധാന്യം. (The soul of the music). ദ്രാക്ഷാപാകം. 2500-ഓളം കൃതികൾ. സംസ്കൃതഭാഷയിൽ പത്തെണ്ണം. തൊണ്ണൂറു ശതമാനവും രാമസ്തുതി. ആശയപുഷ്ടി, കാവ്യഭംഗി, സംഗീതരസം, തത്ത്വബോധനം.

ദീക്ഷിതരും ത്യാഗരാജസ്വാമികളും സംഗീതവിഷയങ്ങളിൽ സംശയം ചോദിക്കുന്നത് ശ്യാമശാസ്ത്രികളോടയിരുന്നു. ശ്യാമശാസ്ത്രി അദ്ദേഹത്തിന്റെ മകൻ സുബ്ബരായശാസ്ത്രികളെ പഠിപ്പിക്കാൻ വിട്ടത് ത്യാഗരാജസ്വാമികളുടെ അടുത്തേക്ക്. എന്നാൽ ആ മകന് ഇഷ്ടം കൂടുതൽ ദീക്ഷിതരുടെ ശൈലിയോട്.

## സംഗീതത്തിൽ വിദേശപഠനം

ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് സർവ്വകലാശാലയിൽ നടത്തിയ പഠനം ഇപ്രകാരമായിരുന്നു. പ്രൊഫഷണൽ ഗായകസംഘങ്ങളെ ഇവിടെ പരിശോധനയ്ക്ക് വിധേയമാക്കി. പാടുന്നതിനുമുമ്പും പാടി ഒരു മണിക്കൂർ കഴിഞ്ഞും നോക്കിയപ്പോൾ പ്രതിരോധസംവിധാനത്തിലെ പ്രധാനിയായ ഇമ്യൂണോ ഗ്ലോബുലിൻ - A യുടെ അളവ് ഉയർന്നു. സ്ട്രസ്സ് കുറയ്ക്കുന്ന ഹൈഡ്രോ കോർട്ടിസോൺ ഹോർമോണിന്റെ അളവ് കൂടിയിരുന്നു.

സംഗീതം ഒരു ജൈവ പ്രക്രിയയാണ്. പാടുന്ന സമയത്ത് തലച്ചോറിൽ നിന്നും ഉല്പാദിക്കപ്പെടുന്ന രാസതന്മാത്രകളാണ്, നമുക്ക്

സുഖം തരുന്നത്. ശാരീരികവും മാനസികവുമായ ഊർജ്ജസ്വലതയും ഈ സമയത്ത് ലഭിക്കുന്നു. ഇതു കൂടാതെ തലച്ചോറിലെ രാസതന്മാത്രകളായ എൻഡോർഫിനുകൾ നമ്മുടെ വേദനയകറ്റാനും സഹായിക്കുന്നു.

പാടുമ്പോൾ ശ്വാസകോശത്തിന്റെ കാര്യക്ഷമത കൂടുന്നു. നെഞ്ച് വികസിക്കുന്നു. രക്തസഞ്ചാരം കൂടുന്നു. ബി.പി. കുറയുന്നു. കോശങ്ങൾക്ക് കൂടുതൽ പ്രാണവായുവും പോഷണവും കിട്ടുന്നു. കോശങ്ങളുടെയും നാഡികളുടെയും പ്രവർത്തനം പൂർവ്വാധികം ഭംഗിയാകുന്നു. നെഞ്ച്, മുഖം എന്നിവിടങ്ങളിലെ മസിലുകൾക്കും ഡയഫ്രത്തിനും ഉത്തേജനം ലഭിക്കുന്നു. സൈനസ്സുകളും ശ്വാസനാളികളും തുറന്ന് കിട്ടുന്നു.

സംഘമായി പാടുന്നവരിൽ ആത്മവിശ്വാസവും ആത്മനിയന്ത്രണവും കൂടുന്നതായി വിദേശ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

**സംഗീതാദ്ധ്യാപക-വിദ്യാർത്ഥികൾ സാധകം ചെയ്യേണ്ട മാതംഗീദേവിയുടെ ധ്യാനശ്ലോകം**

**ഘനശ്യാമളാംഗീം സ്ഥിതാം രത്നപീഠേ ശുകസ്യോദിതം**
**ശൃണ്വതീം രക്തവസ്ത്രാം**
**സുരാപാനമത്താം സരോജസ്ഥിതാംഘ്രിം ഭജേ വല്ലകീം**
**വാദയന്തീം മതംഗീം**

അർത്ഥം : മേഘംപോലെ ശ്യാമളവർണ്ണമായ ശരീരത്തോടുകൂടിയ, രത്നപീഠത്തിൽ ഇരിക്കുന്ന, തത്തയുടെ ശബ്ദം കേൾക്കുന്ന ചുവന്ന വസ്ത്രം ധരിച്ച, സുരാപാനം നിമിത്തം മദമുള്ള, താമരയിൽ വയ്ക്കപ്പെട്ട കാൽപാദങ്ങളോടുകൂടിയ 'വല്ലകി' എന്നുപേരുള്ള വീണയെ മീട്ടുന്ന, മാതംഗീദേവിയെ ഞാൻ ഭജിക്കുന്നു.

**ധ്യായേയം രത്നപീഠേ ശുകകളപഠിതം ശൃണ്വതീം ശ്യാമളാംഗീം**
**ന്യസ്തൈകാംഘ്രിം സരോജേ ശശിശകലധരാം വല്ലകീം വാദയന്തീം**
**കല്ഹാരാബദ്ധമാലാം നിയമിതവിലസത്ച്ചൂളികാം രക്തവസ്ത്രാം**
**മാതംഗീം ശംഖചക്രാം മധുമദവിവശാം ചിത്രകോത്ഭാസിഫാലാം**

അർത്ഥം : രത്നപീഠത്തിൽ ഇരിക്കുന്ന, തത്തയുടെ കൊഞ്ചൽ കേൾക്കുന്ന, ശ്യാമളശരീരത്തോടുകൂടിയ, ചന്ദ്രക്കലയണിഞ്ഞ, വീണവായിക്കുന്ന, കല്ഹാരപൂമാലയണിഞ്ഞ, ഭംഗിയായി കെട്ടിവച്ച തലമുടിയോടുകൂടിയ, ശംഖചക്രങ്ങളെ ധരിച്ച, മധുലഹരികൊണ്ട് പരവശയായ, തിലകംകൊണ്ട് ശോഭിക്കുന്ന നെറ്റിത്തടത്തോടുകൂടിയ, മാതംഗിയെ ഞാൻ ധ്യാനിക്കുന്നു.

(അവസാനിച്ചു)

# ദത്താത്രേയ ഗീത

നാരായണൻ നമ്പൂതിരി, കോതമംഗലം.

ശ്രീമദ് ഭാഗവതം ഏകാദശസ്കന്ധത്തിൽ 7, 8, 9 അദ്ധ്യായങ്ങളിലായി വർണ്ണിക്കുന്ന യദു-ദത്താത്രേയ സംവാദം അഥവാ ദത്താത്രേയഗീത ഒന്നുകൂടി മനനം ചെയ്യുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

ശ്രീകൃഷ്ണാവതാര ലീലകളുടെ ഒടുവിൽ അവതാര ഉപസംഹാരത്തിനായി തയ്യാറെടുക്കുന്ന കൃഷ്ണൻ യാദവവംശത്തിന് ശാപരൂപമാകുന്ന അനുഗ്രഹം നൽകുകയും പ്രായശ്ചിത്തവ്യാജേന തന്റെ ബന്ധുജനങ്ങളെ ദ്വാരകയിൽനിന്നും അകറ്റുകയും ചെയ്യുന്നതായി കണ്ട് കൃഷ്ണാനുചരനായ ഉദ്ധവൻ ഉന്നയിക്കുന്ന സംശയങ്ങളുടെ മറുപടിയാണല്ലോ ശ്രീമദ് ഭാഗവതത്തിലെ ഏകാദശം 7 മുതൽ 28 വരെ അദ്ധ്യായങ്ങൾ. ഇതിൽ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങൾ (7, 8, 9) ദത്താത്രേയഗീത എന്ന് അറിയപ്പെടുന്നു.

അവധൂതനായ ദത്താത്രേയ യോഗീശ്വരനെ കാണുന്ന യദുമഹാരാജാവ് അദ്ദേഹത്തിന്റെ സംശയം ഉന്നയിക്കുന്നു. ലോകത്തിൽ സാധാരണ ജനങ്ങൾ ആയുസ്സും ആരോഗ്യവും യശസ്സും മോഹിച്ചുകൊണ്ട് നിരന്തരം പ്രവർത്തിക്കുന്നു. എന്നാൽ അങ്ങ് മറ്റുള്ളവരിൽനിന്നും വ്യത്യസ്തനായി ഒരു പ്രവൃത്തിയും ചെയ്യാതെ ഉന്മത്തനേപ്പോലെ വർത്തിക്കുന്നുവല്ലോ. കാമലോഭാഗ്നിയിൽ ജനങ്ങൾ വെന്തെരിയുമ്പോഴും അങ്ങ് യാതൊരു ക്ലേശവും ബാധിക്കാതെ ഇരിക്കുന്നുവല്ലോ. താങ്കൾക്ക് ഈ ആത്മാനന്ദം എങ്ങനെ നേടാൻ കഴിഞ്ഞു. രാജാവിന്റെ ഈ സംശയത്തിനു മറുപടിയായി ദത്താത്രേയൻ പറയുന്നു :

ഹേ രാജൻ! സ്വതന്ത്രനായി ലോകത്തിൽ വ്യവഹരിക്കാൻ നമുക്കു ചുറ്റുമുള്ള പലതിനേയും ഗുരുക്കന്മാരാക്കി പാഠങ്ങൾ പഠിക്കാൻ കഴിയും. ആദ്യപാഠം ഭൂമിയിൽനിന്നുതന്നെയാവട്ടെ. ജീവജാലങ്ങളുടെ ആശ്രയസ്ഥാനമായ ഭൂമി നമ്മെ ധരിക്കുന്നതുകൊണ്ട് ധര എന്നും വിശ്വംഭര എന്നും ധരിത്രി എന്നും ഒക്കെ അറിയപ്പെടുന്നുവല്ലോ. ഭൂമിയും ഭൂമിയിലെ നദികളും പർവ്വതങ്ങളും വനങ്ങളും വൃക്ഷങ്ങളുമെല്ലാം എത്ര നല്ല സന്ദേശങ്ങൾ നമുക്കു തരുന്നു. ഭൂമീദേവിക്ക് നിത്യേന നേരിടേണ്ടിവരുന്ന എന്തെല്ലാം പീഡനങ്ങൾ ഒക്കെതന്നെ ഈശ്വരപ്രേരിതമെന്ന് ധരിച്ച് അവ അനുഭവിക്കുന്നതുപോലെ ഒരുവൻ എ

ത്തെല്ലാം ക്ലേശം അനുഭവിക്കേണ്ടിവന്നാലും സ്വധർമ്മത്തിൽനിന്നും ചലിക്കരുത്. സത്തുക്കൾ സർവ്വദാ അന്യർക്കുവേണ്ടി പ്രവർത്തിക്കണം എന്നും ഭൂമിയിലെ പർവ്വതങ്ങൾ പഠിപ്പിക്കുന്നു. അതുപോലെ ഭൂമിയിലെ മരങ്ങൾ എത്ര മഹത്തായ കാര്യമാണ് ചെയ്യുന്നത്. വൃക്ഷങ്ങളുടെ പ്രവൃത്തിവച്ച് താരതമ്യപ്പെടുത്തുമ്പോൾ വിവേകമുള്ളവർ എന്ന് സ്വയം അഭിമാനിക്കുന്ന മനുഷ്യരേക്കാൾ എത്ര ഉയർന്ന നിലയിലാണ് അവ എന്നു ബോധ്യമാകും. വൃക്ഷങ്ങളുടെ പരോപകാര തത്പരത (ഇതെഴുതുന്ന പേപ്പർ നിർമ്മിച്ചതും മരങ്ങളെക്കൊണ്ട് എന്നു മറക്കാതെതന്നെ പറയട്ടെ) ശ്രീമദ് ഭാഗവതത്തിൽ ദശമസ്കന്ധം വളരെ വ്യക്തമായി വർണ്ണിച്ചിട്ടുണ്ട്. ദശമസ്കന്ധത്തിലെ 22-ാം അദ്ധ്യായത്തിലെ ചില വരികൾ -

ശ്രീകൃഷ്ണന്റെ ഗോപന്മാർക്കു ഉപദേശം :

**"ഇബ്ഭാഗ്യവാന്മാരന്യർക്കാ-**
**യുയിർകൊൾവതു കാണുവിൻ**
**മഴ, മഞ്ഞുഷ്ണവും ചൂടും**
**ഏൽപ്പു നമ്മെത്തുണക്കുവാൻ."**

എന്ന് തുടങ്ങി ദശമം 22-ാം അദ്ധ്യായം 32 മുതൽ 35വരെ ശ്ലോകങ്ങൾ ശ്രദ്ധേയമാണ്. വൃക്ഷങ്ങൾ അവയുടെ പൂവ്, കായ്, പഴങ്ങൾ, തടി, ഇല ഇവയെല്ലാം മറ്റുള്ളവർക്കായി നൽകുന്നു. വെയിലേറ്റ് തളർന്നു വരുന്നവർക്ക് തണലും അഗ്നിയിൽ കത്തിയമരുമ്പോൾ ചൂടും നൽകുന്നു. ഒടുവിൽ അവശേഷിക്കുന്ന ഭസ്മംപോലും നമുക്ക് ഉപയോഗ യോഗ്യമാണ്. ഇങ്ങനെ ഉണ്ടായി, നിലനിന്ന്, നശിക്കുന്നതുവരെ ▸▸

## ഒരു അറിയിപ്പ്

ശ്രീ. സി.എം. കൃഷ്ണനുണ്ണി എഴുതി വന്നിരുന്ന സ്ഥിരം പംക്തികളായിരുന്ന 'തന്ത്രശാസ്ത്രത്തിന് ഒരു ആമുഖ'വും അതുപോലെത്തന്നെ സമകാലിക വിഷയങ്ങളെ ആസ്പദമാക്കി അദ്ദേഹം എഴുതിയിരുന്ന പംക്തിയും ചില സാങ്കേതിക കാരണങ്ങളാൽ ഈ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്ന വിവരം വായനക്കാരെ ഖേദപൂർവ്വം അറിയിച്ചുകൊള്ളുന്നു.

പത്രാധിപർ,
ശാംഭവി പബ്ലിക്കേഷൻസ്

ഒരു ജന്മം പരോപകാരാർത്ഥമായി മാത്രം വർത്തിക്കുന്ന വൃക്ഷങ്ങൾ നമ്മെ പഠിപ്പിക്കുന്ന പാഠം എത്ര വലുതാണ്.

മനുഷ്യൻ ശരീര-മനോ-ബുദ്ധ്യാദികളാകുന്ന ത്രികരണങ്ങളെക്കൊണ്ട് സമൂഹസേവനത്തിനുവേണ്ടി പ്രവർത്തിക്കാൻ കഴിഞ്ഞുവെങ്കിൽ നമ്മുടെ ജന്മം സഫലമായി എന്നു പറയാം.

അടുത്തതായി വായുവിനെ ഗുരുവായി ഉദാഹരിക്കുന്നു. പലതരത്തിലുള്ള വിഷയങ്ങളുമായി വ്യവഹരിക്കുമ്പോഴും വായുവിനെപ്പോലെ വിഷയങ്ങളുടെ ഗുണദോഷങ്ങളിൽ ആസക്തനാവരുത്. സുഗന്ധമോ ദുർഗന്ധമോ വായുവിന്റെ സ്ഥിരഭാവമല്ല. വായു അതിനെ സ്വീകരിക്കയും ഉപേക്ഷിക്കയും ചെയ്യുന്നതുപോലെ ദേഹാദി ധർമ്മങ്ങളിൽ ഒന്നിലും ലിപ്തമാവാതെ വർത്തിക്കുക.

സർവ്വദിക്കിലും വ്യാപിച്ചിരിക്കുന്ന ആത്മാവിന് ആകാശംപോലെ ഒന്നിനോടും ചേർച്ചയോ പരിച്ഛിന്നഭാവമോ ഇല്ലായെന്ന് ആകാശത്തെ പാഠമാക്കി നമുക്ക് ഉൾക്കൊള്ളാൻ കഴിയും.

സ്വീകരിക്കുന്നതിനെ എല്ലാം ഭസ്മമാക്കുന്ന അഗ്നിക്ക് നനഞ്ഞത്, ഉണങ്ങിയത്, ഗുണമുള്ളവ, ഗുണഹീനമായവ എന്നിങ്ങനെ ഭേദമില്ല. അതുപോലെ യാദൃച്ഛികമായി ലഭിക്കുന്നതിനെ സ്വീകരിക്കുകയും ദാതാവിന്റെ ഭൂത, ഭവിഷ്യദ്ശുഭങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നവനാണ് മുനി.

ഇപ്രകാരം ശ്രീമദ് ഭാഗവതം ഏകാദശസ്കന്ധം ദത്താത്രേയഗീതയിൽ ആദ്യമായി ഋഷി പഞ്ചഭൂതങ്ങളായ ഭൂമി, ജലം, അഗ്നി, വായു, ആകാശം ഇവയെ ഗുരുക്കന്മാരായി വർണ്ണിച്ചു.

യഥാഗ്നിഃ പവനോദ്ധൂതഃ
സുസൂക്ഷ്മോപി മഹാൻ ഭവേത്
തഥാ കർമ്മസമായുക്തം
ദൈവം സാധു വിവർദ്ധതേ.

**- മഹാഭാരതം**

സാരം : എത്രയും നേർത്ത തീയും കാറ്റിടക്കുമ്പോൾ എപ്രകാരം ഉയർന്നു കത്തുമോ അതുപോലെ കർമ്മവുമായി ഒത്തുചേരുമ്പോൾ വിധി മികച്ച രീതിയിൽ ഫലത്തിലെത്തുന്നു.